# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുവള്ളി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെകെഡി.പി9/1815/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 13/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊടുവള്ളി മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: കെഎസ്എ.കെകെഡി.പി9/1815/2021 തീയ്യതി: 13/01/2022

## കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-02-2020 മുതൽ 04-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ജോയിന്റ് ഡയറക്ടർ (ഇൻചാർജ്ജ്) | 06-12-2021 | 23-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|
| 06-12-2021 | 23-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
2.ശ്രീമതി.ഷൈന.എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
5.ശ്രീമതി.ജിഷ.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി.ശരീഫാ | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| കണ്ണാടിപ്പൊയിൽ | | | |
| ശ്രീ.അബ്ദു റഹിമാൻ | ചെയർമാൻ | 21-12-2020 | 31-03-2021 |
| ശ്രീ.ശൈലേഷ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 05-07-2020 |
| ശ്രീമതി.അനുപമ.ടി | സെക്രട്ടറി | 06-07-2020 | 27-10-2020 |
| ശ്രീമതി.സുമയ്യബീവി.എസ് | സെക്രട്ടറി | 28-10-2020 | 30-01-2021 |
| ശ്രീ.അബ്ദുൽ ഗഫൂർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2021 | 10-02-2021 |
| ശ്രീ.പ്രവീൺ.എ | സെക്രട്ടറി | 11-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രസ്ന.പി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 25-04-2020 |
| ശ്രീ.അബൂബക്കർ.വി | മുനിസിപ്പൽ എഞ്ചിനീയർ | 25-04-2020 | 09-08-2020 |
| ശ്രീ.അബ്ദുൽ ഗഫൂർ | മുനിസിപ്പൽ എഞ്ചിനീയർ | 10-08-2020 | 23-02-2021 |
| ശ്രീ.അനിൽ കുമാർ | മുനിസിപ്പൽ എഞ്ചിനീയർ | 24-02-2021 | 31-03-2021 |
| ശ്രീമതി.അപർണ്ണ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സാഹിറ.വി.ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.റിൻസി ആന്റണി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് അബ്ദുൽ മജീദ്.പി.പി | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.റെജിമോൾ ജോർജ്ജ് | ക്ഷീരവികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശിഹാബുദ്ധീൻ.പി.കെ | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.രമ്യ.കെ.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൽ ഖാദർ.പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 05-06-2020 |
| ശ്രീ.സജികുമാർ.ടി | ഹെൽത്ത് ഇൻസ്പെക്ടർ | 06-06-2020 | 23-06-2020 |
| ശ്രീ.പ്രകാശൻ.കെ | ഹെൽത്ത് ഇൻസ്പെക്ടർ | 24-06-2020 | 01-09-2020 |
| ശ്രീ.സജികുമാർ.ടി | ഹെൽത്ത് ഇൻസ്പെക്ടർ | 02-09-2020 | 15-11-2020 |

| | | | |
|---|---|---|---|
| ശ്രീ.ശശി നടുവിലക്കണ്ടി | ഹെൽത്ത് ഇൻസ്പെക്ടർ | 16-11-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: SURESH KUMAR S (Senior Grade Auditor, On 22-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-1 |
| 2 | ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 22-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-1-1 |
| 3 | ബജറ്റ് അപൂർണ്ണമായി തയ്യാറാക്കി<br>Written By: SURESH KUMAR S (Senior Grade Auditor, On 22-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: SURESH KUMAR S (Senior Grade Auditor, On 22-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-2 |
| 5 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 22-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-4 |
| 8 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-4-1 |
| 9 | പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-5 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 25-12-2021)<br>Last Updated By: E.V Hari (Audit Officer, On 26-12-2021) | 1-8 |
| 13 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Jisha.P (Auditor, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-9 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ<br>Written By: Jisha.P (Auditor, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-10 |
| 15 | അനധികൃത നിർമ്മാണം - നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Jisha.P (Auditor, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-11 |
| 16 | FTE ആക്ടിവിറ്റീസ് & അദർ സർവ്വീസസ് - ലൈസൻസ് - അപാകതകൾ<br>Written By: Jisha.P (Auditor, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-12 |
| 17 | രസീതി - അപാകതകൾ | 1-13 |

| | | |
|---|---|---|
| | Written By: Jisha.P (Auditor, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | |
| 18 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.<br>Written By: E.V Hari (Audit Officer, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-14 |
| 19 | വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തിയില്ല.<br>Written By: E.V Hari (Audit Officer, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 13-01-2022) | 1-15 |
| 20 | സ്ട്രീറ്റ് മെയിനുകൾക്ക് ടൈമർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.<br>Written By: E.V Hari (Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-16 |
| 21 | എസ്. സി. വീട് റിപ്പയർ - ഗുണഭോക്താക്കൾക്ക് തെറ്റായി രണ്ട് തവണ തുക നൽകി.<br>Written By: E.V Hari (Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-17 |
| 22 | പൊതുമരാമത്ത് പദ്ധതികൾ - രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-18 |
| 23 | ഇ-ടെണ്ടർ തുക നഗരസഭഫണ്ടിലേയ്ക്ക് നൽകിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 21-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-19 |
| 24 | ഇന്റർലോക്ക്/പേവിംഗ് ബ്ലോക്ക് പ്രവൃത്തികൾ - ഉയർന്ന നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു<br>Written By: Jisha Samuel (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-20 |
| 25 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിക്കാത്തതും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-21 |
| 26 | കൊടുവള്ളി നഗരസഭയിലെ കെട്ടിടങ്ങളും ആസ്തികളും ജി.ഐ.എസ് മാപ്പിങ്ങ് നടത്തൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-22 |
| 27 | കൊയപ്പാ ഫുട്ബോൾ ടൂർണ്ണമെന്റിനു അനുമതി നല്കിയതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-23 |
| 28 | സ്കൂൾ സ്റ്റേജ് നിർമ്മാണം - പദ്ധതി രൂപീകരണ നിർവ്വഹണത്തിൽ അപാകത<br>Written By: Jisha Samuel (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-24 |
| 29 | പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-25 |
| 30 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആവശ്യമായ തുക വകയിരുത്തിയില്ല<br>Written By: Shyna A.K (Asst. Audit Officer, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-26 |
| 31 | പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി - മെഷീൻ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ | 1-27 |

| | | |
|---|---|---|
| | ഉപകരണങ്ങൾ വാങ്ങി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല, ചെലവ് തുക പാഴായി<br>Written By: Shyna A.K (Asst. Audit Officer, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | |
| 32 | ഒരേ തരം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-28 |
| 33 | ഐ.കെ.എം സാങ്കേതികസഹായ വിഹിതം നൽകൽ - ലക്ഷ്യ പൂർത്തീകരണം ഉറപ്പാക്കാൻ സാധിക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-29 |
| 34 | ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാത്ത സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയില്ലാതെ വാങ്ങി<br>Written By: Jisha Samuel (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-30 |
| 35 | വരുംകാല എസ്.സി.കോളനി കുടിവെള്ള പദ്ധതി - നാളിതുവരെ പൂർത്തീകരിച്ചില്ല<br>Written By: Jisha Samuel (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-31 |
| 36 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിലും മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിലെയും അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-32 |
| 37 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - മരുന്നുകൾ ലഭ്യമായില്ല<br>Written By: Shyna A.K (Asst. Audit Officer, On 25-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-33 |
| 38 | പോഷകാഹാര വിതരണം - കേന്ദ്രഫണ്ട് ലഭിക്കുന്നതിൽ കുറവ്<br>Written By: Shyna A.K (Asst. Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എസ്. സി. വീട് റിപ്പയർ - ഗുണഭോക്താക്കൾക്ക് തെറ്റായി രണ്ട് തവണ തുക നൽകി.<br>Written By: E.V Hari (Audit Officer, On 28-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരച്ചടവ്<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: E.V Hari (Audit Officer, On 28-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 13-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 12-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കൊടുവള്ളി നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18.02.2020 തീയതിയിലെ തീരുമാന നം. 1 പ്രകാരം കരട് ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിക്കുകയും 27.03.2020 – ലെ ഭരണസമിതിയുടെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിച്ചു. 12.02.2021 ലെ ഭരണസമിതി തീരുമാന നം. 1 പ്രകാരം 2020-21 വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു.

### 1-1-1 ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

നഗരസഭയുടെ 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരം യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു :

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 23814888 | 46042958 | 22228070 | -- |
| വരവ് | 647717400 | 152767910 | -- | 494949490 |
| ആകെ | 671532288 | 198810868 | -- | 472721420 |
| ചെലവ് | 643509528 | 166601543 | -- | 476907985 |
| നീക്കിയിരിപ്പ് | 28022760 | 32209325 | 4186565 | -- |

വർക്ക്ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

### 1-1-2 ബജറ്റ് അപൂർണ്ണമായി തയ്യാറാക്കി

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. അതിനാൽ, ബജറ്റ് പൂർണ്ണ രൂപത്തിലല്ല തയ്യാറാക്കിയിരിക്കുന്നത് എന്ന് കാണാം.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.07.2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

മുനിസിപ്പാലിറ്റിയുടെ 2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 196730/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി, ഫ്ലഡ് സെസ്, ലൈബ്രറി സെസ് എന്നിവ ഉൾപ്പെടെ അടവാക്കാതെ മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

3.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4.ബി-11 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഷെഡ്യൂളിൽ 9676353/- രൂപയും 559647/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

5.ബി-4 ഷെഡ്യൂളിൽ ഗ്രാൻറ്സ് ഫ്രം അദർ ഗവൺമെന്റ് ഏജൻസി, ഗുണഭോക്തൃവിഹിതം, അദർ ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പ്രത്യേക അക്കൗണ്ടിലല്ല സൂക്ഷിച്ചിട്ടുള്ളത്. അവ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും എ.സി.ആർ വെച്ച് ചെലവ് വിവരം നിരീക്ഷിക്കേണ്ടതുമാണ്.

6.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം Festival Advance To Employees (460100400) എന്ന ശീർഷകത്തിൽ 76000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്ററിൽ പ്രസ്തുത തുക രേഖപ്പെടുത്തിയിട്ടില്ല. ബി-18-ൽ Miscellaneous Advance (460100700) എന്ന ശീർഷകത്തിൽ 1082578/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

7.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം അഡ്വാൻസ് ആയി രേഖപ്പെടുത്തിയിട്ടുള്ള, താഴെപ്പറയുന്ന തുകകൾക്ക്, ആധികാരികമായ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല :

| Code No. | Particulars | Amount (Rs) |
|---|---|---|
| 460500101 | Advance To Beneficiary Committee Convenors – Municipal Fund | 150000 |
| 460500204 | Advance To Implementing Agencies – Scheme Expenditure | 1100 |
| 460500304 | Advance To Projects – Scheme Expenditure | 20000 |

8.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 251608/- രൂപ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് (460600100) എന്ന ഇനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് ഉപോൽബലകമായ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

9.വസ്തുനികുതി രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ (എംപ്ലോയീസ്), തൊഴിൽ നികുതി രജിസ്റ്റർ (ട്രെഡേഴ്സ്), ഡി&ഒ രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

10. ഷെഡ്യൂൾ B-7 (ഡെപ്പോസിറ്റ് റിസീവ്ഡ്) പ്രകാരമുള്ള ഡെപ്പോസിറ്റുകൾ നിയമപരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന :

| Code No. | Particulars | Amt As Per B-7 |
|---|---|---|
| 340100105 | Supplier's EMD | 1,04,843 |
| 340100205 | Supplier's Security Deposit | 1,13,750 |
| 340100301 | Contractor's Retention Money | 56,747 |
| 340200100 | Rent Deposit | 36,59,637 |
| 340200200 | Auction Deposit | 6,06,047 |
| 340200600 | Election Deposit (Candidates) | 4,21,000 |
| 340800100 | Deposit Received From Others | 1,61,034 |
| 340809900 | Other Deposits Received | 5,55,432 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ തുകകളുടെ

ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Grants & Contribution For Specific Purpose ഇനത്തിൽ 17942081/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. വിവിധ അക്കൗണ്ടുകളിലായി സൂക്ഷിച്ചിരിക്കുന്ന തുകകളുടെ വരവ് – ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ മനസിലാക്കുന്നതിന് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

12.ബാങ്ക് അക്കൗണ്ടുകളിലെ റീകൺസിലിയേഷൻ എല്ലാ മാസവും തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 3/2021- ലെ റീകൺസിലിയേഷൻ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരമുള്ള KURDFC ലോൺ തുക ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

14. ബി ഫണ്ട് വരവ്-ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,60,42,958 |
| ഓഡിറ്റ് വർഷത്തെ വരവ് | 15,27,67,910 |
| ആകെ | 19,88,10,868 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 16,66,01,543 |
| നീക്കിയിരിപ്പ് | 3,22,09,325 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21656331 | 21656331 | 21555385 | 100946 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9101667 | 9101667 | 6628322 | 2476345 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1089333 | 1089333 | 1054165 | 35168 |
| മെയിന്റനൻസ്- | 0 | 13592100 | 13592100 | 11467669 | 2124431 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| മെയിന്റനൻസ്-നോൺ റോഡ് | | 0 | 6916331 | 6916331 | 6867561 | 48770 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | | 0 | 14849057 | 14849057 | 9362253 | 5486804 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | | 0 | 6320000 | 6320000 | 2939234 | 3380766 |
| സാക്ഷരത | | 64629 | 2585 | 67214 | 0 | 67214 |
| ദുരിതാശ്വാസനിധി | | 43769 | 68442 | 112211 | 76370 | 35841 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | | 1960051 | 7562957 | 9523008 | 6200321 | 3322687 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | പി.എം.എ.വൈ | 13162479 | 53810702 | 66973181 | 66538848 | 434333 |
| | എൻ.യു.എൽ.എം | 3756565 | 644401 | 4400966 | 3716961 | 684005 |
| | ആർ.എം.എസ്.എ | 3108639 | 0 | 3108639 | 0 | 3108639 |
| | എസ്.എൻ.പി | -444439 | 1524627 | 1080188 | 2193186 | -1112998 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 36483 | 0 | 36483 | 0 | 36483 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5444535 | 21196983 | 26641518 | 15938792 | 10702726 |
| | ട്രഷറി അക്കൗണ്ട് | 5730910 | 21110473 | 26841383 | 25020498 | 1820885 |

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കൊടുവള്ളി നഗരസഭയുടെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 21656331 | 41975028 |
| വികസനഫണ്ട് (എസ്.സി.പി) | 9104667 | 12193833 |
| വികസനഫണ്ട് (ടി.എസ്.പി) | 1089333 | 1422667 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 6916331 | 9862669 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 13592100 | 21324615 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 6320000 | 16481258 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 14849057 | |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ്/റോഡ്, ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ്

തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രോജക്ടുകൾ |
|---|---|---|---|
| 391 | 225 | 30 | 136 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 391 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 225 പ്രോജക്ടുകൾക്കേ സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 141423520/- രൂപ വകയിരുത്തിയതിൽ 83136084/- രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസന ഫണ്ട്/മെയിന്റെനൻസ് ഗ്രാന്റിനങ്ങളിൽ നഗരസഭക്ക് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 16481258 | 12301487 | 4179771 |
| മെയിന്റെനന്സ് ഗ്രാന്റ് നോൺ റോഡ് | 9862669 | 6938230 | 2924439 |
| മെയിന്റെനന്സ് ഗ്രാന്റ് റോഡ് | 21324615 | 11467669 | 9856946 |
| വികസന ഫണ്ട് ജനറൽ | 41975028 | 32204518 | 9770510 |
| വികസന ഫണ്ട് -SCP | 12193833 | 8121655 | 4072178 |

| | | | |
|---|---|---|---|
| വികസന ഫണ്ട് -TSP | 1422667 | 1160832 | 261835 |
| ആകെ | 103260070 | 72194391 | 31065679 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 103260070/- രൂപയിൽ 72194391/- രൂപ വിനിയോഗിക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ലഭ്യമായ തുകയിൽ 31065679/- രൂപ ചെലവഴിക്കാതെ നഗരസഭക്ക് നഷ്ടമായിട്ടുണ്ട്. എല്ലാ ഫണ്ടിനങ്ങളിലും നഗരസഭക്ക് ലഭ്യമായ മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട് എന്നത് പ്രത്യകം ശ്രദ്ധയിൽ കൊണ്ടുവരുന്നു. നിർവഹണ ഉദ്യോഗസ്ഥരിൽ മുനിസിപ്പൽ എഞ്ചിനീയർ, സെക്രട്ടറി, എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. മുനിസിപ്പൽ എഞ്ചിനീയർക്ക് ആകെ നടപ്പിലാക്കാനുണ്ടായിരുന്ന 317 പ്രോജക്ടുകളിൽ 163 പ്രോജക്ടുകൾക്കാണ് തുക വിനിയോഗിച്ചിരിക്കുന്നത്. വ്യക്തമായ ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയല്ല മുനിസിപ്പൽ എഞ്ചിനീയർ മെയിന്റനൻസ് പ്രവർത്തികൾ നടപ്പിലാക്കിയത് എന്ന് കാണാം. സെക്രട്ടറിക്ക് നടപ്പിലാക്കാനുണ്ടായിരുന്ന 41 പ്രവൃത്തികളിൽ 10 എണ്ണം നടപ്പിലാക്കിയിട്ടില്ല. പ്രോജക്ടുകൾക്ക് തുക വകയിരുത്തിയപ്പോൾ തനത് ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്തിയത് മൂലം മറ്റ് ഫണ്ടുകൾ വകമാറ്റപ്പെടുകയോ, അല്ലെങ്കിൽ തനത് ഫണ്ട് ചെലവഴിക്കപ്പെടാതെ പോകുന്ന അവസ്ഥയോ മുനിസിപ്പാലിറ്റിയിൽ നിലനിൽക്കുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. മുനിസിപ്പാലിറ്റി ഭരണസമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തലുകൾ നടത്തുന്നുണ്ട്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, പ്രൊജക്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ചില വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടുകാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ

നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗ മിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രോജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 124680 | 87 |
| കർഷക തൊഴിലാളി പെൻഷൻ | 9043400 | 451 |
| വിധവാ പെൻഷൻ | 40293400 | 1908 |
| വാർദ്ധക്യകാല പെൻഷൻ | 50075100 | 2912 |
| വികലാംഗ പെൻഷൻ | 12565400 | 604 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1765100 | 88 |
| വിവാഹ ധനസഹായം | 510000 | 17 |

## 1-7 ആഭ്യന്തര നിയന്ത്രണം

മുനിസിപ്പാലിറ്റിയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ മുനിസിപ്പാലിറ്റിയുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 2 സ്റ്റാഫ് മീറ്റിങ്ങുകൾ മാത്രമാണ് വിളിച്ചു ചേർത്തിരിക്കുന്നത്. എന്നാൽ മിനുട്സ് രേഖപ്പെടുത്തിയിട്ടില്ല. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അറ്റൻൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ ആയതിന്റ കൃത്യത ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അറ്റൻൻസ് രജിസ്റ്ററിൽ പലസ്ഥലത്തും ജീവനക്കാരുടെ ഒപ്പ

രേഖപ്പെടുത്തുകയോ, അനുവദനീയമായ അവധി മാർക്ക് ചെയ്യുകയോ ചെയ്യാതെ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് മേലുദ്യോഗസ്ഥർ ഉറപ്പ് വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് ഡേ ബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തുന്നില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല.

നഗരസഭയുടെ വരവ് ചെലവ് കണക്ക്, രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തു നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് കിട്ടാനുള്ള വസ്തു നികുതി, കുടിശ്ശിക വസ്തു നികുതി എന്നിവയുടെ കണക്കുകൾക്ക് വ്യക്തതയില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നഗരസഭാ പരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ അവർ കൈകാര്യം ചെയ്ത ഫയലുകളും രേഖകളും രജിസ്റ്ററുകളും ഉത്തരവാദപ്പെട്ടവർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നില്ല.

ആസ്തി രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ചെയർമാൻ പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ പിന്നീട് തുടർ നടപടികളൊന്നും കൈക്കൊണ്ടു കാണുന്നില്ല.

മുനിസിപ്പാലിറ്റിയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി നികുതി/ നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുന്നില്ല. കേരള മുനിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ടരേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത്

മൂലം കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം ,ഡി&ഒ, ശുചിത്വം തുടങ്ങി മുനിസിപ്പാലിറ്റിയുടെ ചുമതലയിലുള്ള മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ മുനിസിപ്പാലിറ്റിയുടെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ മുനിസിപ്പാലിറ്റിയ്ക്ക് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ മുനിസിപ്പാലിറ്റിയ്ക്ക് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച് നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ചു കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും മുനിസിപ്പാലിറ്റി തയ്യാറാക്കിയിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,16,288/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 തൊഴിൽ നികുതി - അപാകതകൾ

തൊഴിൽ നികുതി രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഡിമാന്റ് ചെയ്യപ്പെട്ട ട്രേഡേഴ്സ് എല്ലാവരും തന്നെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്, ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ മുൻ വർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245 വകുപ്പിലേയും 2005 – ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ ഡിമാന്റ് നൂറ് ശതമാനമാക്കുന്നതിന് വേണ്ട നടപടികൾ സ്ഥാപനം കൈക്കൊണ്ടിട്ടില്ല.

രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽ നികുതി വരവ് നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. 1994

ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും. വാർഡ് അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കുകയും തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1-10 ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ

കൊടുവള്ളി നഗരസഭയിൽ 5 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 68 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നത് സംബന്ധമായ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ, കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

വാടക സംബന്ധിച്ച ബൈലോയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല. വാടക കുടിശ്ശിക ഇല്ലാത്തവർ എഗ്രിമെന്റ് പ്രകാരം തുടർവർഷം പ്രവർത്തിക്കുന്നുണ്ട്. വാടക കുടിശ്ശിക വരുത്തിയവർ കുടിശ്ശിക അടവാക്കുകയോ എഗ്രിമെന്റ് പുതുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ വാടക നല്കാതെ അവർ തുടർന്നും പ്രവർത്തിക്കുന്നതായി കാണുന്നു.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 68 മുറികൾ വാടകയ്ക്ക് നല്കിയതിൽ പലരും വാടക കൃത്യമായി അടവാക്കിയിട്ടില്ല. വാടക കുടിശ്ശിക വരുത്തിയവരിൽ ചിലർ മുൻവർഷങ്ങളിലും കുടിശ്ശിക വരുത്തിയവരാണ്. എന്നാൽ അവർ തുടർന്നും കടമുറി ഉപയോഗിച്ചു വരുന്നുണ്ട്. വാടക രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക പൂർണ്ണമായും അടവാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | റൂം നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക |
|---|---|---|---|
| 1 | 3/348 | ശ്രീ. റഷീദ്. പി. കെ | 664 |
| 2 | 3/351 | ശ്രീ.കെ.നിസാറുദ്ദീൻ | 629<br>(അടച്ച തുകയും ആകെ തുകയും പൊരുത്തപ്പെടുന്നില്ല) |
| 3 | 3/356 | ശ്രീ.വി.അബൂബക്കർ | 2117<br>(അടച്ച തുകയും ആകെ തുകയും പൊരുത്തപ്പെടുന്നില്ല) |

| | | | |
|---|---|---|---|
| 4 | 3/370 | ശ്രീ.ദാസൻ പറക്കോടൻ | 3827 |
| 5 | 3/370 A | ശ്രീ.അബ്ദുൾ ഖാദർ | 21109 |
| 6 | 3/370 A1 | ശ്രീമതി.റോസിന.സി.പി | 1277 |
| 7 | 3/370 F | ശ്രീമതി. സൈനബ | 3351 |
| 8 | 3/370 G | ശ്രീമതി. റംല. ഒ. പി | 3360 |
| 9 | 3/370 H | ശ്രീമതി. ഹസീന. ഒ. പി | 3360 |
| 10 | 3/370 I | ശ്രീമതി. ഹസീന. ഒ. പി | 3360 |
| 11 | 3/370 J | ശ്രീ. ജാഫർ. കെ | 9147 |
| 12 | 3/370 K | ശ്രീ. യു. കെ. മുഹമ്മദ് | 4224 |
| 13 | 3/370 M | ശ്രീമതി. സബീന. എ. വി | 3980 |
| 14 | 3/370 N | ശ്രീ. മുഹമ്മദ് നൗഷാദ് | 3860 |
| 15 | 3/370 O | ശ്രീമതി.ആശാലത.സി.കെ | 1521 |
| 16 | 3/370 R | ശ്രീമതി. ജംഷിദ | 3958 |
| 17 | 3/370 S | ശ്രീ. ഉസൈൻ. എ. കെ | 1824 |

| | | | |
|---|---|---|---|
| 18 | 3/370 T | ശ്രീ. ഉസൈൻ. എ. കെ | 1216 |
| 19 | 3/370 U | ശ്രീമതി.സബീന.എ.വി | 2201 |
| 20 | 3/370 V | ശ്രീമതി.ജംഷിദ | 1277 |
| 21 | 3/370 W | ശ്രീ.ഷറഫുദ്ദീൻ | 3011 |
| 22 | 3/370 X | ശ്രീമതി.സാബിറ | 4439 |
| 23 | 3/370 Z | ശ്രീമതി.സൈനബ വെള്ളങ്ങോട് | 1676 |
| 24 | 3/687 | ശ്രീ.എ.പി.അശോകൻ | 910 |
| 25 | 3/688 | ശ്രീ. റസാഖ് | 938 |
| 26 | 3/691 | ശ്രീ. ഇമ്പിച്ചി കോയക്കുട്ടി | 792 |
| 27 | 3/694 | ശ്രീ. എ. പി. മൂസ | 470 |
| 28 | 3/695 | ശ്രീ. ചോലക്കര റസാക്ക് | 454 |
| 29 | 3/783 | ശ്രീമതി. ജമീല. ഇ. കെ | 1225 (അടവാക്കിയ തുക രേഖപ്പെടുത്തിയിട്ടില്ല) |
| 30 | 3/787 | ശ്രീ.മുഹമ്മദ് അബ്ദുൾ റഹിമാൻ. സി | 4557 (സെപ്റ്റംബർ മുതൽ ഡിസംബർ വരെ അടവാക്കിയില്ല) ജനവരി,ഫെബ്രുവരി,മാർച്ച് കുറഞ്ഞ തുക അടവാക്കി |
| 31 | 3/659 | ശ്രീ.ഇ.ടി.അബ്ദുൾ റസാഖ് | 2041 |

നഗരസഭയുടെ കെട്ടിടങ്ങൾക്ക് മറ്റ് സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളെ അപേക്ഷിച്ച് വളരെ തുച്ഛമായ വാടകയാണ് ഉള്ളത്. എന്നിട്ട് പോലും വാടക അടവാക്കാത്തത് നഗരസഭയുടെ ഭാഗത്ത് നിന്നും

നടപടി സ്വീകരിക്കുന്നതിലെ പോരായ്മയാണ് ചൂണ്ടിക്കാണിക്കുന്നത്. വാടക തുടർച്ചയായി ഒടുക്കാത്തവരുടെ കുടിശ്ശിക, ഡെപ്പോസിറ്റ്/അഡ്വാൻസിൽ നിന്നും ഈടാക്കി മുറി ഒഴിപ്പിച്ച് പുനർ ലേലം നടത്തുകയോ വാടക കൃത്യമായി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല എന്ന് മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതാണ്. എന്നാൽ ഇപ്പോഴും ഇതേ അവസ്ഥ തുടരുന്നതായി കാണുന്നു. മേൽ നിർദ്ദേശം നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 അനധികൃത നിർമ്മാണം - നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച്

കൊടുവള്ളി മുനിസിപ്പാലിറ്റി 17 ാം വാർഡിൽ റി.സ.80/6 ൽ നിർമ്മാണം ക്രമവൽക്കരിച്ച നൽകിയ 5 നിലയുള്ള വാണിജ്യ കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയയിൽ മെസാനിൻ ഫ്ലോർ നിർമ്മാണം, പുറകുവശത്ത് ആവശ്യമായ സ്പേസ് വിടാതെ ഉള്ള നിർമ്മാണം (എൻ.എച്ചിൽ നിന്നും ആവശ്യമായ അകലം പാലിക്കാതെ 5 മീ. ദൂരപരിധിക്കുള്ളിൽ ലിഫ്റ്റ് ഉൾപ്പെടെ നിർമ്മാണം) തുടങ്ങിയ

കാരണങ്ങളാൽ 25.9.18, 15.10.18, 27.10.18 തിയ്യതികളിൽ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് കെട്ടിടത്തിന്റെ ഉടമസ്ഥനായ ശ്രീ.നൗഷാദ്. എം. ന് (മാനേജിംഗ് ഡയറക്ടർ, ട്വൈവേ ഇൻഫ്രാസ്ട്രക്ചേഴ്സ് & പ്രോപ്പർട്ടീസ് ലിമിറ്റഡ്) മുനിസിപ്പാലിറ്റി നോട്ടീസ് നൽകിയിരുന്നു. ഇതിനെതിരെ ശ്രീ.നൗഷാദ്.എം. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 17.12.18 ന് നേരിൽ കേട്ടെങ്കിലും മറുപടി തൃപ്തികരമല്ലാത്തതിനാലും അനധികൃത നിർമ്മാണം നടന്നതിനാലും പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥനായ ശ്രീ. നൗഷാദ്. എം. ന്റെ പേരിലുള്ള മേൽ കെട്ടിടത്തിന് യു.എ.സി നമ്പർ ചുമത്തി നികുതി നിർണ്ണയിച്ച് 7,18,020/- രൂപ അടവാക്കണമെന്ന് കാണിച്ച് ഇ.1-1209/18 തിയ്യതി 1.2.19 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ അനധികൃത നിർമ്മാണം സംബന്ധിച്ച നഗരസഭ സെക്രട്ടറിയുടെ 29.12.18 ലെ ഇ.1-9133/18 നമ്പർ ഉത്തരവിനെതിരെ കക്ഷി തദ്ദേശ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിൽ ഫയൽ ചെയ്ത അപ്പീൽ നം.37/19 ലെ I.A 89/2009 ന്റെ 21.1.19 ലെ ഉത്തരവിൽ നിർമ്മാണം പൊളിച്ചു മാറ്റുന്നത് സ്റ്റേ ചെയ്യുകയും അനുവാദം ഇല്ലാതെ ഇനിയൊരു നിർമ്മാണം നടത്തരുത് എന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അനധികൃത നിർമ്മാണം ആയതിനാൽ ഇവർക്കു നല്കിയ ഡി & ഒ ലൈസൻസ് റദ്ദ് ചെയ്തതായി ഫയലിൽ കാണുന്നു. 7.7.21 ന് ശ്രീ.നൗഷാദ്.എം. ന്റെ പേരിലുള്ള മേൽ കെട്ടിടത്തിന് യു.എ.സി നമ്പർ പ്രകാരമുള്ള വസ്തുനികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകി. ഇ.1-1269/18 തിയ്യതി 7.7.21 നോട്ടീസ് പ്രകാരം കണക്കുകൾ പരിശോധിച്ചപ്പോൾ നാളിതുവരെ നോട്ടീസ് പ്രകാരമുള്ള തുക അടയ്ക്കുന്നതിന് പകരം UAC ആക്കുന്നതിനു മുൻപുള്ള തുകയാണ് അടവാക്കി വരുന്നത് എന്നും ട്രിബ്യൂണലിൽ നൽകിയിട്ടുള്ള അപ്പീലിൽ പൊളിച്ചു നീക്കുന്നതിന് മാത്രമാണ് സ്റ്റേ അനുവദിച്ചത് എന്നതിനാലും 30.9.21 വരെ 17/398 (UAC), 17/398 L(UAC), 17/398 M(UAC), 17/398 N(UAC), 17/398 P(UAC), 17/398 R(UAC), 17/398 S(UAC) എന്നിവയ്ക്ക് UAC നികുതി കുടിശ്ശിക സഹിതം 18,46,101 രൂപ അടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ തുക കക്ഷി അടവാക്കാത്തതിനെ തുടർന്ന് തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾക്കു സെക്രട്ടറി റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ ഈ കെട്ടിടം UAC ആയി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 2020 മുതൽ നികുതി അടവാക്കാനുള്ളതായും കാണുന്നു. മാത്രമല്ല UAC കെട്ടിടത്തിനുള്ള നികുതി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുമില്ല. 4.3.19 ന് ശേഷം 28.6.21 നാണ് ഫയലിൽ തുടർനടപടികൾ സ്വീകരിക്കുന്നത്. അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാത്ത സാഹചര്യത്തിൽ സ്റ്റേ നീക്കുന്നതിന് നടപടികൾ സ്വീകരിക്കാതെയും പ്രസ്തുത UAC നിരക്കിലുള്ള നികുതി ഈടാക്കാതെയും ചെയ്യാതെ മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു.

മേൽ കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റി ക്രമപ്രകാരമാക്കാത്ത സാഹചര്യത്തിൽ

സ്റ്റേ നീക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും UAC നിരക്കിലുള്ള നികുതി തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-12 FTE ആക്ടിവിറ്റീസ് & അദർ സർവ്വീസസ് - ലൈസൻസ് - അപാകതകൾ

രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വാർഡ് തലത്തിൽ ലൈസൻസ് തുക അടവാക്കിയത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. കൂടാതെ ചില വാർഡുകളിൽ വളരെ കുറച്ച് സ്ഥാപനങ്ങളെ നികുതി അടവാക്കിയിട്ടുള്ളൂ. ഇതിൽ നിന്നും നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങൾ മുഴുവൻ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമാണ്. ഓരോ വർഷവും നഗരസഭയിൽ ഒരു പാട് കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി പെർമിറ്റ് എടുക്കുന്നുണ്ട്. ഇത് പരിഗണിക്കുമ്പോൾ നിലവിലെ ഡിമാന്റ് വളരെ തുച്ഛമാണ്. രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കാൻ മുൻവർഷ റിപ്പോർട്ട് പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ ഇതിന്റെ നടപടികൾ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ട്രേഡേഴ്സിനെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

## 1-13 രസീതി - അപാകതകൾ

1. സാംഖ്യ രസീതികൾ ഓരോ മാസത്തെയും പ്രത്യേകം പ്രത്യേകം തരം തിരിച്ച് സൂക്ഷിക്കുന്നില്ല.

2. എല്ലാ ദിവസത്തെയും ഡേ ബുക്ക് പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. (ഉദാ: സെപ്റ്റംബർ 2020, ഫെബ്രുവരി 1 മുതൽ 10 വരെ)

3. മാന്വൽ രസീതി ബുക്ക് നമ്പർ 159, 160 (രസീതി നമ്പർ 15901 മുതൽ 15985 വരെ) എന്നിവയിലെ രശീതി തുക പിരിച്ചിട്ടുണ്ട്. എന്നാൽ അവ പരിശോധിക്കുന്നതിന് ആവശ്യമായ കലക്ഷൻ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

4. മാന്വൽ രസീതി സ്റ്റോക്ക് രജിസ്റ്ററിൽ മെയിൻ സ്റ്റോക്ക് പ്രകാരം വരവ് വന്ന രസീതി ബുക്കുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ അതുൾപ്പെടെയുള്ള ബാലൻസ് സ്റ്റോക്ക് രേഖപ്പെടുത്തുകയോ ചെയ്തിരുന്നില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്നാണ് പ്രസ്തുത രസീതി ബുക്കുകൾ മാന്വൽ രസീതി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയത്.

സാംഖ്യ രസീതികൾ മാസം തിരിച്ച് ക്യാൻസൽ രസീതിയോടൊപ്പം കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-14 മുൻകുറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

2019-20, 2020-21 വർഷങ്ങളിൽ അനുവദിച്ച താഴെപ്പറയും പ്രകാരമുള്ള 5,40,000/- രൂപയുടെ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | വർഷം | ചെക്ക് നമ്പർ, തീയതി | കൈപ്പറ്റിയ വ്യക്തി | തുക | ഇനം |
|---|---|---|---|---|---|
| 1 | 2019-20 | 180647, 24.12.2019 | 36 വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾ (5,000/- രൂപ വീതം ) | 1,80,000 | മഴക്കാല പൂർവ്വ ശുചീകരണം |
| 2 | 2020-21 | 180648, 6.11.2020 | ശ്രീ.സജികുമാർ JHI | 1,80,000 | മഴക്കാല പൂർവ്വ ശുചീകരണം |
| 3 | 2020-21 | 180648, 6.11.2020 | ശ്രീമതി.സുസ്മിത JHI | 1,80,000 | മഴക്കാല പൂർവ്വ ശുചീകരണം |
| ആകെ | | | | 5,40,000 | |

മേൽ മുൻകൂറുകൾ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 18/2020-21 തീയതി 22.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-15 വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തിയില്ല.

2000 – ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭാ ചെയർമാൻ ഉപയോഗിക്കുന്ന വാഹനമായ KL – 57 N 2963 ഇന്നോവ കാർ, ഓഫീസ് വാഹനമായ KL – 57 F 9999 ബോലറോ ജീപ്പ് എന്നിവയുടെ മൈലേജ് ടെസ്റ്റ് നടത്തിയതായി കാണുന്നില്ല.

ചട്ടപ്രകാരമുള്ള മൈലേജ് ടെസ്റ്റ് നടത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2020-21 തീയതി 17.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തി വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

1-16 സ്ട്രീറ്റ് മെയിനുകൾക്ക് ടൈമർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.

പ്രോജക്ട് നമ്പർ – എസ് 0311/20

പ്രോജക്ട് - സ്ട്രീറ്റ് മെയിനുകൾക്ക് ടൈമർ സ്ഥാപിക്കൽ

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 3,30,000/- രൂപ – വികസന ഫണ്ട് - 1,30,000/- രൂപ

തനത് ഫണ്ട് - 2,00,000/- രൂപ

ചെലവ് - 3,00,192/- രൂപ – വികസന ഫണ്ട് - 1,30,000/- രൂപ

( ബിൽ നമ്പർ - 12/20-21 തീയതി 3.7.2020 )

തനത് ഫണ്ട് - 1,70,192/- രൂപ

( ഓൺലൈൻ ട്രാൻസ്ഫർ തീയതി 3.7.2020 )

നഗരസഭാ പ്രദേശത്ത് ദേശീയ പാതയ്ക്കരികിൽ സ്ഥാപിച്ചിട്ടുള്ള 24 തെരുവു വിളക്കുകൾ ഓട്ടോമാറ്റിക്ക് സംവിധാനത്തിൽ സ്വിച്ച് ഓൺ/ഓഫ് ചെയ്യുന്നതിനായി ടൈമർ ഘടിപ്പിക്കുകയാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ആയതിനായി കെ. എസ്. ഇ. ബിയിൽ 3,00,192/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് 17 മാസങ്ങൾക്ക് ശേഷവും പ്രവൃത്തിയുടെ പൂർത്തീകരണ/ഫണ്ട് വിനിയോഗ വിവരം കെ.എസ്.ഇ. ബിയിൽ നിന്നും ലഭ്യമായിട്ടില്ല.

ആയവ കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കി ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2020-21 തീയതി 13.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 3,00,192/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 എസ്. സി. വീട് റിപ്പയർ - ഗുണഭോക്താക്കൾക്ക് തെറ്റായി രണ്ട് തവണ തുക നൽകി.

പ്രോജക്ട് നമ്പർ - എസ് 0017/21

പ്രോജക്ട് - എസ്. സി. വീട് റിപ്പയർ

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 36,00,000/- രൂപ – (വികസന ഫണ്ട് - എസ്. സി. പി)

ചെലവ് - 29,50,000/- രൂപ

നഗരസഭാ പ്രദേശത്തെ വീട് റിപ്പയറിന് അർഹരായ എസ്. സി. ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട ഓവർസിയറുടെ വാല്വേഷൻ / സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ (25,000/- രൂപ വീതമുള്ള രണ്ട് ഗഡുക്കൾ) അനുവദിക്കുന്നതിനുള്ള പ്രോജക്ടാണ് ഇത്. ഈ പ്രോജക്ടിന്റെ

നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഈ പ്രോജക്റ്റ് പ്രകാരം 4 ഗുണഭോക്താക്കൾക്ക് തെറ്റായി രണ്ട് തവണ വീട് റിപ്പയറിനുള്ള രണ്ടാം ഗഡു അനുവദിച്ചതിനാൽ താഴെപ്പറയുന്ന പ്രകാരം അർഹമായതിലും കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബാങ്ക് | അക്കൗണ്ട് നമ്പർ | അർഹത പ്പെട്ടത് | അനുവ ദിച്ചത് | അധികം |
|---|---|---|---|---|---|---|
| 1 | ശ്രീമതി.കെ.രജനി | എസ്.ബി.ഐ | 67262284010 | 50,000 | 75,000 | 25,000 |
| 2 | ശ്രീമതി.മാധവി | എസ്.ബി.ഐ | 67222187513 | 50,000 | 75,000 | 25,000 |
| 3 | ശ്രീമതി.പി.ലീല | എസ്.ബി.ഐ | 31533318063 | 50,000 | 75,000 | 25,000 |
| 4 | ശ്രീമതി.പി.കെ. മാളു | എസ്.ബി.ഐ | 67258345172 | 50,000 | 75,000 | 25,000 |

ഈ ഗുണഭോക്താക്കൾക്ക് ബിൽ നമ്പർ 50/20-21 തീയതി 27.3.2021 പ്രകാരം രണ്ടാം ഗഡുവായി ആകെ 1,00,000/- രൂപ അനുവദിച്ചു. (ഒരാൾക്ക് 25,000/- രൂപ വീതം) ഇതേ ഗുണഭോക്താക്കൾക്ക് തെറ്റായി ബിൽ നമ്പർ 53/20-21 തീയതി 29.3.2021 പ്രകാരം വീണ്ടും 1,00,000/- രൂപ അനുവദിച്ചു. (ഒരാൾക്ക് 25,000/- രൂപ വീതം)

ഇപ്രകാരം തെറ്റായി അധികം നൽകിയ തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/2020-21 തീയതി 13.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം തെറ്റായി അധികം നൽകിയ 1,00,000/- രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ആയതിന് സാധിക്കാത്ത പക്ഷം അധികം നൽകിയ 1,00,000/- രൂപ നിർവഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പദ്ധതികൾ - രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ

നഗരസഭയുടെ ഓരോ വർഷത്തെയും വാർഷിക പദ്ധതികളുടെ 60 ഓളം വരുന്ന ചെലവും നടക്കുന്നത് മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്കായാണ്. 2019-20, 2020-21 വർഷങ്ങളിൽ എഞ്ചിനീയർക്ക് നിർവ്വഹണം നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ളത്. യഥാക്രമം 211, 317 വീതം പദ്ധതികളാണ്. ഈ പദ്ധതികളുടെ രൂപീകരണ വിശദാംശം പരിശോധിച്ചതിൽ നിന്നും

വ്യക്തമായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു,

| വർഷം | 2019-20 | 2020-21 |
|---|---|---|
| ആകെ പദ്ധതികൾ | 211 | 317 |
| പുതിയ പദ്ധതികൾ | 116 | 188 |
| ചെലവുണ്ടായ പദ്ധതികൾ | 15 | 50 |
| സ്പിൽഓവർ പദ്ധതികൾ | 95 | 129 |
| ചെലവുണ്ടായ സ്പിൽഓവർ പദ്ധതികൾ | 67 | 113 |
| രണ്ടു ലക്ഷവും അതിൽ കുറവ് അടങ്കലിലും തയ്യാറാക്കിയ പദ്ധതികൾ | 141 | 246 |
| അഞ്ചു ലക്ഷവും അതിനു മുകളിലും അടങ്കലിലുള്ള പദ്ധതികൾ | 12 | 15* |
| തൻവർഷ പദ്ധതികളുടെ ചെലവ് ശതമാനം | 11.35% | 24.41% |
| സ്പിൽഓവർ പദ്ധതികൾക്കായി ചെലവഴിച്ചത് | 88.65% | 75.59% |

*2019-20 വർഷത്തിൽ നിന്ന് സ്പിൽഓവർ ആയ 8 പദ്ധതികളുൾപ്പെടെ.

മുകളിൽ കൊടുത്ത പട്ടിക പരിശോധിച്ചാൽ ഓരോ വർഷവും സാങ്കേതിക വിഭാഗം നടപ്പാക്കുന്ന പദ്ധതികളുടെ ബാഹുല്യവും, ഇവ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ ഭൂരിഭാഗം പദ്ധതികളും തുടർവർഷത്തേയ്ക്ക് സ്പിൽ ഓവർ പദ്ധതികളാകുന്ന അവസ്ഥയും വ്യക്തമാകുന്നു. മുകളിൽ വിവരിച്ച രീതിയിൽ പ്രോജക്ടുകളുടെ ബാഹുല്യം നഗരസഭയിൽ വിവിധയിനം അപാകതകൾക്ക്/പോരായ്മകൾക്ക് വഴിവച്ചിട്ടുണ്ട്.

1. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നികുതിയിനത്തിൽ ചോർച്ച

ആകെ പ്രോജക്ടുകളിൽ ഭൂരിഭാഗം പദ്ധതിയും 2,50,000/- രൂപയോ അതിൽ കുറവോ അടങ്കൽ വരുന്നവയാണ്. വളരെ കുറച്ച് പദ്ധതികൾ മാത്രമാണ് 5 ലക്ഷമോ അതിലധികമോ അടങ്കൽ തുകയിൽ തയ്യാറാക്കിയിട്ടുള്ളത്. ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം 2,50,000 ത്തിനു മുകളിൽ പ്രവൃത്തിമൂല്യമുള്ള പ്രവൃത്തികൾക്ക് 2% ജി.എസ്.ടി. ബിൽ തുകയിൽ നിന്നും ഈടാക്കി അടവാക്കേണ്ടതുണ്ട്. മേൽ രീതിയിൽ ചെറിയ തുകയുള്ള വിവിധ പ്രവൃത്തികളാക്കുന്നതു മൂലം കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നികുതിയിനത്തിൽ ചോർച്ചയുണ്ടാവുന്നു. കരാറുകാർക്ക് അമിതലാഭത്തിനും ഇതു സാധ്യതയുണ്ടാക്കുന്നു.

2. പ്രവൃത്തികളുടെ ടെണ്ടർ മത്സരാധിഷ്ഠിതമാകുന്നില്ല

പ്രോജക്ടുകളെല്ലാം അഞ്ചു ലക്ഷത്തിൽ കുറഞ്ഞ അടങ്കലിൽ തയ്യാറാക്കുന്നതിനാൽ ഇ-ടെണ്ടർ നടപടി ഒഴിവാക്കാൻ അവസരം ലഭിക്കുകയും, ടെണ്ടറുകളിലെ മത്സര സ്വഭാവം കുറയുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഓഡിറ്റ് വർഷങ്ങളിലെ ടെണ്ടർ നടപടികൾ പരിശോധിച്ചാൽ കരാറുകാർ കൂട്ടമായി ടെണ്ടർ നടപടികളിൽ നിന്നും വിട്ടു നിൽക്കുന്നതായി കാണാം. ആദ്യ ടെണ്ടറിൽ ആരും തന്നെ പങ്കെടുക്കാതിരിക്കയും, റീ-ടെണ്ടറിൽ ചെറിയ തോതിലുള്ള പ്രാതിനിധ്യവും, പിന്നീട് ക്വട്ടേഷൻ നടക്കുമ്പോൾ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽക്കുന്ന സ്ഥിതിയാണ് മിക്കവാറും നടക്കുന്നത്. ഓരോ പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുമ്പോൾ തങ്ങളുടെ നിർമ്മാണ സാമഗ്രികളെല്ലാം പ്രവൃത്തി പ്രദേശത്ത് കൊണ്ടു പോകുന്നതിനു തന്നെ വലിയൊരു തുക കരാറുകാർക്ക് ചെലവു വരും. ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും കരാറുകാർ പിന്നോട്ട് പോകുന്നതിന്റെ പ്രധാന കാരണവും ഇതുതന്നെയാണ്.

3. ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുന്നു

സമഗ്രമായി പദ്ധതികൾ രൂപീകരിക്കാതെ തുടർച്ചയായ വർഷങ്ങളിൽ ഒരേ റോഡിൽ/കെട്ടിടത്തിൽ വ്യത്യസ്ത പദ്ധതി രൂപീകരിക്കുന്നതും, വിഭവങ്ങളുടെ/ഫണ്ടിന്റെ ചെറിയ തോതിലുള്ള വ്യന്യാസം നടത്തി കൂടുതൽ എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ,പ്രത്യേകിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലി ഭാരം കൂട്ടുന്നതിനു കാരണമാകുന്നതിനു പുറമെ ഈ രീതിയിൽ പദ്ധതികളുടെ ബാഹുല്യം ഇവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും വിലങ്ങുതടിയാകുന്നു.

4. പ്രവൃത്തികളുടെ മേൽനോട്ടം/മോണിറ്ററിംഗ് ഫലപ്രദമായി നടത്താനാകുന്നില്ല

പ്രോജക്ടുകളുടെ ബാഹുല്യം പ്രോജക്ടുകളുടെ ഫലപ്രദമായ മേൽനോട്ടത്തിന് തടസ്സമാകുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് നഗരസഭയിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം

കൂടുതലുണ്ടെങ്കിലും, നഗരസഭയുടെ പദ്ധതികൾക്കു പുറമേ എം.എൽ.എ, എം.പി.ഫണ്ട് വിനിയോഗിച്ചുള്ള പ്രവർത്തനങ്ങളുടേയും, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, സർക്കാർ അതതു സമയങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവയെല്ലാം നിർവ്വഹിക്കേണ്ടതുണ്ട്. പദ്ധതികളുടെ നിർവ്വഹണസമയം സാങ്കേതിക വിഭാഗത്തിന് എല്ലാ സൈറ്റുകളിലും മുഴുവൻ സമയം മേൽനോട്ടം സാധ്യമാകുന്നില്ല. ഇത് പ്രവൃത്തികളുടെ ഗുണനിലവാര കുറവിന് കാരണമാകുന്നു.

5. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകുന്നില്ല

പ്രോജക്ടുകളുടെ ബാഹുല്യം യഥാസമയം എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് തടസ്സമുണ്ടാക്കുന്നു. ഓഡിറ്റ് വർഷങ്ങളിലെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി ലഭിച്ച കാലയളവുകൾ പരിശോധിച്ചാൽ ആദ്യ അംഗീകാരം ലഭിച്ച വാർഷികപദ്ധതിയിലെ പ്രോജക്ടുകൾക്കു പോലും അംഗീകാരം ലഭിക്കുന്നതിന് നവംബർ, ഡിസംബർ മാസമാകുന്നു. ഇതിനു ശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചാലും, പ്രസ്തുത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനാകാതെ വരികയും, ഇത്തരത്തിൽ പ്രവൃത്തി നിർവ്വഹണം വൈകുന്നത് അതതു വർഷത്തേയ്ക്ക് ലഭിച്ച ഫണ്ടുകളുടെ പാഴാക്കലിന് കാരണമാകുകയും ചെയ്യുന്നു. ഈ പ്രവൃത്തികളുടെ ചെലവു തുകയ്ക്ക് തുടർവർഷത്തെ ഫണ്ട് വിനിയോഗിക്കേണ്ടി വരുന്നത് തുടർവർഷത്തെ വികസന പ്രവർത്തനങ്ങളേയും ദോഷകരമായി ബാധിക്കുന്നു.

നഗരസഭയിൽ 2019-20 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയാക്കിയ 95 പദ്ധതികളിൽ 28 എണ്ണത്തിന് തൻവർഷം ചെലവുണ്ടായില്ല. ഈ പദ്ധതികളുടെ തുടർന്നുള്ള നിർവ്വഹണ വിവരം പരിശോധിച്ചതിൽ വ്യക്തമായ കാര്യങ്ങൾ ഇവയാണ്,

1. സ്പിൽഓവർ പദ്ധതികൾ വർഷങ്ങൾക്കു ശേഷം ഒഴിവാക്കുന്നു

ഈ 28 പദ്ധതികളിൽ 26 പദ്ധതികൾ 2020-21 വർഷത്തേയ്ക്ക് വീണ്ടും സ്പിൽ ഓവർ പദ്ധതികളായി. ബാക്കി രണ്ടു പദ്ധതികളായ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പദ്ധതി (നം.265/20), വയോമിത്രം പദ്ധതിയ്ക്ക് മുറി ഒരുക്കൽ (272/20) എന്നിവ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി.

സ്പിൽ ഓവർ ആക്കിയ 26 പദ്ധതികളിൽ 8 എണ്ണത്തിന് 2020-21 വർഷത്തിലും ചെലവുണ്ടായില്ല. ചെലവില്ലാതിരുന്ന പദ്ധതികൾ ഇവയാണ്.

1. പൊയിൽ കുളിക്കടവ് - 200/20
2. കെടയക്കുന്ന് അങ്കണവാടി - 229/20
3. നരുക്കിൽ അങ്കണവാടി - 230/20

4. ഞെള്ളോറ അങ്കണവാടി - 235/20

5. തലപ്പെരുമണ്ണ ബസ് സ്റ്റോപ്പ് - 244/20

6. പൊയിൽതച്ചോട്ടമ്മൽ റോഡ് - 261/20

7. പൊയിൽ അങ്കണവാടി റോഡ്- 270/20

8. പനങ്ങാട്കുന്ന് അങ്കണവാടി - 271/20

മേൽ പദ്ധതികളിൽ പൊയിൽതച്ചോട്ടമ്മൽ റോഡ് എന്ന പദ്ധതി വീണ്ടും 2021-22 വർഷത്തിലേയ്ക്ക് സ്പിൽഓവർ ആയി ഉൾപ്പെടുത്തി. ബാക്കി ഏഴ് പദ്ധതികളും വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി. രണ്ടു വർഷം സ്പിൽഓവർ പദ്ധതികളായി ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഒഴിവാക്കാനുണ്ടായ കാരണം/സാഹചര്യം വ്യക്തമല്ല.

2.പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടും ബിൽ തുക അനുവദിക്കുന്നതിൽ കാലതാമസം

2018-19 ൽ രൂപീകരിച്ച് കരാറിലേർപ്പെട്ട് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചിട്ടും തൻവർഷത്തിലും, തുടർവർഷത്തിലും ചെലവു തുക അനുവദിച്ചിട്ടില്ല. പിന്നീട് 2020-21 വർഷത്തിൽ വീണ്ടും സ്പിൽഓവർ പദ്ധതിയാക്കിയാണ് കരാറുകാർക്ക് തുക നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് പേര്/നമ്പർ | കരാർ തിയ്യതി/ കരാറുകാരൻ | അളവു പുസ്തകം | പ്രവൃത്തി ആരംഭിച്ച തിയ്യതി | പൂർത്തീ കരിച്ച തിയ്യതി | തുക/ ഫണ്ടിനം അനു വദിച്ച തിയ്യതി |
|---|---|---|---|---|---|---|
| 1 | കരീറ്റിപറമ്പ് അങ്കണവാടി, റിപ്പയർ, 244/21 | 27.2.19<br>ശ്രീമതി.കൃഷ്ണകുമാരി. വി. (കൺവീനർ) | 203/18-19 | 1.3.19 | 25.3.19 | 35495/- സംര ക്ഷണ ഗ്രാന്റ് റോഡി തരം, 28.10.20 |
| 2 | പാമ്പങ്ങൽ പുതുക്കുടി ഇടവഴി, 202/21 | 30.1.19<br>ശ്രീ.വി.പി.ഗോപാലൻ (കൺവീനർ) | 148/18-19 | 1.2.19 | 15.2.19 | 50,000/- തനതു ഫണ്ട് 29.12.20 |

| | | | | | | |
|---|---|---|---|---|---|---|
| 3 | അരിയട്ടക്കത്ത് ആണിയംകണ്ടി റോഡ്, 197/21 | 6.10.18 സി.എം.ഗോപാലൻ | 82/18-19 | 20.3.19 | 28.3.19 | 1,94,896/- തനതു ഫണ്ട് 3.7.20 |
| 4 | പാനോലം മണപ്പടിക്കൽ റോഡ്, 194/21 | 6.10.18 സി.എം.ഗോപാലൻ | 17/18-19 | 10.10.18 | 26.10.18 | 4,000/- (ആദ്യ പാർട്ട് ബിൽ 2018-19ൽ നൽകി) തനതു ഫണ്ട് 9.10.20 |
| 5 | തലപ്പെട്ടമണ്ണ വൈലാങ്കര റോഡ് റീ ടാറിംഗ്, 241/21 | 6.10.18 ശ്രീ.സി.എം. ഗോപാലൻ | 88/18-19 | 18.3.19 | 25..19 | 77582/- തനതു ഫണ്ട് 9.10.20 |
| 6 | എരഞ്ഞി ക്കോത്ത് അങ്കണവാടി, 242/21 | 6.10.18 ശ്രീ.സി.എം. ഗോപാലൻ | 87/18-19 | 8.4.19 | 22.3.19 | 95781/- തനതു ഫണ്ട് 9.10.20 |
| 7 | കാഞ്ഞിരാം പൊയിൽ അരിയിൽ റോഡ് സൈഡ് കെട്ടൽ, 227/21 | 8.3.19 ശ്രീ.അബ്ദുറഹിമാൻ. പി. | 237/18-19 | 22.4.19 | 29.5.19 | 391427/- തനതു ഫണ്ട് 9.10.20 |

മുകളിൽ വിവരിച്ച രീതിയിൽ ക്രമ നമ്പർ 1 മുതൽ 5വരെയുള്ള പ്രവൃത്തികൾ 2018-19 കാലഘട്ടത്തിൽ പൂർത്തീകരിച്ചിട്ടും തുക അനുവദിക്കുന്നതിന് 2020-21 വരെ കാലതാമസമുണ്ടായതെന്തെന്ന് വ്യക്തമല്ല. മറ്റു രണ്ടു പ്രവൃത്തികൾക്കും പൂർത്തീകരണ ശേഷം ഒന്നര വർഷത്തോളം വൈകിയാണ് തുക നൽകിയിരിക്കുന്നത്.

3. കരാർ വച്ച് പ്രവൃത്തി ഏറ്റെടുത്ത ശേഷം പ്രവൃത്തി ആരംഭിക്കാൻ കാലതാമസം

മേൽ വിവരിച്ച പ്രകാരം 2018-19 ൽ കരാർ വച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടും പദ്ധതികൾ ആരംഭിക്കാൻ മാസങ്ങളോളമോ/ വർഷങ്ങളോളമോ വൈകുന്നു. സ്പിൽ ഓവർ പദ്ധതികളിൽ ഭേദഗതിയില്ലാത്തവ തുടർ വർഷാരംഭത്തിൽ തന്നെ ആരംഭിക്കാമെന്നിരിന്നിട്ടും ഇപ്രകാരം സമയബന്ധിതമായി ആരംഭിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് പേര്/ നമ്പർ | കരാർ തിയ്യതി/ കരാറുകാരൻ | അളവു പുസ്തകം | പ്രവൃത്തി ആരംഭിച്ച തിയ്യതി | കാല താമസം |
|---|---|---|---|---|---|
| 1 | മദ്രസബസാർ- | 8.3.19 | 324/18-19 | 27.2.20 | ഒരു |

| | | | | | |
|---|---|---|---|---|---|
| | അത്തായക്കോത്ത് നടപ്പാത, 200/21 | ശ്രീ.അബ്ദുറഹിമാൻ കുട്ടി (കൺവീനർ) | | | വർഷം |
| 2 | വെണ്ണക്കാട് മല ഇടവഴി, 243/21 | 13.12.18 ശ്രീ.അബ്ദുറഹിമാൻ. പി. | 25/18-19 | 9.9.20 | ഒമ്പത് മാസം |
| 3 | പറമ്പത്ത്കാവ് അങ്കണവാടി, 248/21 | 27.12.18 ശ്രീ.അബ്ദുൾറസാക്ക്. സി. പി. | 59/19-20 | 18.5.20 | ഒരു വർഷം അഞ്ചു മാസം |
| 4 | തലപ്പെട്ടമണ്ണ വൈലാങ്കരറോഡ് റീ ടാറിംഗ്, 241/21 | 6.10.18 ശ്രീ.സി.എം.ഗോപാലൻ | 88/18-19 | 18.3.19 | അഞ്ചു മാസം |
| 5 | അരിയടുക്കത്ത് ആണിയംകണ്ടി റോഡ്, 197/21 | 6.10.18 ശ്രീ.സി.എം. ഗോപാലൻ | 82/18-19 | 20.3.19 | അഞ്ചു മാസം |

മേൽ വിവരിച്ച പദ്ധതികളിലൊന്നും സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കാത്തതിന് എഞ്ചിനീയർ, വാർഡ് കൗൺസിലർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയ ഉത്തരവാദപ്പെട്ട ഒരു ഘടകവും കരാറുകാരനോട് ആരായുകയോ, പ്രവൃത്തി നടപ്പാക്കാൻ ഉത്തരവാദത്തോടെ ഇടപെടുകയോ ചെയ്തിട്ടില്ല. സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തത് തൻവർഷ പദ്ധതികളുടെ ഫണ്ടുകളുടെ നഷ്ടപ്പെടലുകൾക്കും കാരണമാകുന്നുണ്ട്.

മുകളിൽ വിവരിച്ച രീതിയിൽ പദ്ധതികൾ രൂപീകരിച്ച് വർഷങ്ങളോളം സ്പിൽ ഓവർ ആക്കിയിട്ടും പിന്നീട് ചെലവൊന്നും നടത്താതെ ഒഴിവാക്കുന്നത് ഈ പദ്ധതികൾ ആവശ്യകത ഇല്ലാതെ രൂപീകരിച്ചവയാണെന്നതിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ഈ റിപ്പോർട്ടിൽ ഉൾപ്പെട്ട വിവിധ പരാമർശങ്ങൾ പരിശോധിച്ചാൽ (ഖണ്ഡിക 1-24, 28, 31, 20 എന്നിവ) പദ്ധതികളുടെ ആധിക്യം മറ്റും മൂലം പദ്ധതികളുടെ മോണിറ്ററിംഗ് കൃത്യമായി നടക്കാത്തതും, എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ പോലും പിഴവുകൾ സംഭവിക്കുന്നതും വ്യക്തമാകും. പദ്ധതികൾ യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച്, സമഗ്രതയോടെ തയ്യാറാക്കേണ്ടത് സുതാര്യവും, ഫലപ്രദവുമായ പദ്ധതി നിർവ്വഹണത്തിന് അത്യാവശ്യമാണ്. ഇതിനായി പദ്ധതികൾ ചെറിയ അടങ്കലിൽ തയ്യാറാക്കുന്നത് ഒഴിവാക്കി നഗരസഭയുടെ ആകെ ആവശ്യങ്ങളെ മുന്നിൽ കണ്ട് വലിയ അടങ്കലിൽ തയ്യാറാക്കുകയും, ഇതിനായി ബഹുവർഷ പ്രോജ്കട്ടുകളാക്കുകയോ ചെയ്യാവുന്നതാണ്. ഇതു മുഖേന ഇ-ടെണ്ടർ സാധ്യത ഉപയോഗപ്പെടുത്തി ടെണ്ടറുകൾ കൂടുതൽ മത്സരാധിഷ്ഠിതമാക്കാൻ സാധിക്കും. തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതി ഒഴിവാക്കേണ്ടതും, ഈ വിഷയത്തിൽ കൗൺസിലിന്റെ ശ്രദ്ധ ഉറപ്പ് വരുത്തി, നഗരസഭയുടെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കേണ്ടതുമാണ്.

1-19 ഇ-ടെണ്ടർ തുക നഗരസഭഫണ്ടിലേയ്ക്ക് നൽകിയില്ല

മുനിസിപ്പൽ എഞ്ചിനീയർ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി നടത്തുന്ന ഇ – ടെണ്ടറുകളിൽ ലഭിക്കുന്ന ടെണ്ടർ ഫീസുകൾ എഞ്ചിനീയറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊടുവള്ളി ശാഖയിലെ 67396893540 നമ്പർ അക്കൗണ്ടിലാണ് ലഭിക്കുന്നത്. ഈ അക്കൗണ്ട് ഉപയോഗപ്പെടുത്തിയാണ് തനതു ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ജി.എസ്.ടി., ആദായനികുതി തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അടവാക്കുന്നതും. നിലവിൽ (16.12.2021 ന്) ഈ അക്കൗണ്ടിൽ 3,04,716/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുകയിൽ അടവാക്കാനുള്ള നികുതി തുകകളുണ്ടെങ്കിൽ ആയത് അടവാക്കിയതിനു ശേഷം ബാക്കി തുക (ടെണ്ടർ ഫീസ്) നഗരസഭ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. ഇ-ടെണ്ടർ ഇനത്തിൽ ലഭിക്കുന്ന ഫീസ് തുകകൾ അതതു വർഷത്തെ നഗരസഭയുടെ വരുമാനമായി വാർഷിക കണക്കിൽ ഉൾപ്പെടേണ്ടതായിട്ടും, നാളിതു വരെ ഈ തുക എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

1-20 ഇന്റർലോക്ക്/പേവിംഗ് ബ്ലോക്ക് പ്രവൃത്തികൾ - ഉയർന്ന നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

ഓഡിറ്റ് കാലയളവിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ സ്കൂളുകൾ, അംഗൻവാടികൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മുറ്റം ഭംഗിയാക്കുന്നതിന്റെ ഭാഗമായി പേവിംഗ് ബ്ലോക്കുകൾ വിരിക്കുന്ന പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തികളിലെല്ലാം ഒബ്സേർവ്ഡ് ഡാറ്റയായാണ് ഈ പ്രവൃത്തിയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ളത്. ചില പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് പേര്/നമ്പർ | എസ്റ്റിമേറ്റിൽ ഇനത്തിന്റെ നിരക്ക് | പ്രവൃത്തി ചെയ്ത അളവ്/അളവ് പുസ്തകം | നൽകിയ നിരക്ക്/തുക |
|---|---|---|---|---|
| 1 | കൊടുവള്ളി ജി.എച്ച്.എസ്.എസ്. സ്റ്റേജ് നിർമ്മാണം, 252/21 | Od134873/2018-19<br>1080/m2 | 301.678 M2<br>36/19-20 | @900<br>271510/- |
| 2 | കരുവൻപൊയിൽ സ്കൂൾ ഇന്റർലോക്ക്, 250/20 | Od163151/2018-19<br>1080.87/m2 | 336.57 M2<br>148/18-19 | @944.68<br>317951.89/- |
| 3 | കരുവൻപൊയിൽ സ്കൂൾ ഗേറ്റ്, 283/20 | Od163151/2018-19<br>1010.27/m2 കൺവീനർ | 101.27 M2<br>361/18-19 | @1010.38<br>102321.18/- |

| | | | | |
|---|---|---|---|---|
| | | വർക്ക് | | |
| 4 | എരഞ്ഞിക്കോത്ത് അംഗൻവാടി, 242/21 | Od163081/2018-19<br>1080.87/m2 | 35.39 M2<br>87/18-19 | @1080.87<br>38251.99/- |
| 5 | പൂക്കോട്ടിൽ അങ്കണവാടി, , 242/20 | Od137856/2018-19<br>1080.87/m2 | 35.92 M2<br>173/18-19 | @1080.87<br>38824/- |
| 6 | ഹോമിയോ ആശുപത്രി അറ്റകുറ്റപണി, 184/21 | Od287824/2019-20<br>814.56/m2 | 67.02 M2<br>358/18-19 | @814.56<br>54591.8/- |

മേൽ പട്ടികയിൽ അവസാനത്തേതൊഴികെയുള്ള (ക്രമ നം.6) പ്രവൃത്തികളിൽ ഉയർന്ന നിരക്കാണ് ഈ പ്രവൃത്തിയ്ക്കായി അനുവദിച്ചത്. ഇവയുടെ വിശദമായ ഡാറ്റ പരിശോധിച്ചതിൽ 10 $M^2$ പ്രവൃത്തിയ്ക്കാവശ്യമായ പേവിംഗ് ബ്ലോക്കിന്റെ വില 5,000/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവസാനത്തെ പ്രവൃത്തിയിൽ ഇത് 3,500/- രൂപയും. പ്രവൃത്തി സ്ഥലങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പേവിംഗ് ബ്ലോക്കുകൾക്ക് നിറത്തിലൊഴികെ കാര്യമായ മാറ്റങ്ങൾ പ്രകടമല്ലെന്ന് സൈറ്റുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇത്തരത്തിൽ ഇനങ്ങൾക്ക് അധികനിരക്ക് നല്കി എസ്റ്റിമേറ്റ് തുക പെരുപ്പിച്ചതു മൂലവും, ഒരേ തരം പ്രവൃത്തിയ്ക്ക് വ്യത്യസ്ത നിരക്കിലുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയതു മൂലവും വലിയ തോതിൽ അധിക ചെലവ് നഗരസഭയ്ക്കുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 40(b) നിഷ്കർഷിക്കുന്ന ഫിനാൻഷ്യൽ പ്രൊപ്രൈറ്റി പാലിക്കുന്നില്ലെന്ന് മേൽ പ്രവൃത്തികളിൽ നിന്നും വ്യക്തമാകുന്നു. മാർക്കറ്റ് നിരക്ക് കണക്കാക്കാതെ ഐറ്റങ്ങൾക്ക് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയതും, അധിക ചെലവിന് കാരണമായ സാഹചര്യവും വിശദീകരിക്കേണ്ടതാണ്.

1-21 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിക്കാത്തതും മറ്റപാകതകളും

നഗരസഭയിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി കണ്ടാലമലയിൽ കെട്ടിടം നിർമ്മിക്കുന്നതിന് 2018-19 ൽ 4,85,000/- രൂപ അടങ്കലിൽ ഒരു പദ്ധതിയും, അവിടേയ്ക്ക് ഗതാഗത സൗകര്യമൊരുക്കുന്നതിന് 25,00,000/- രൂപ അടങ്കലിൽ 2019-20 വർഷത്തിൽ മറ്റൊരു പദ്ധതിയും രൂപീകരിച്ചു. ആദ്യ പദ്ധതിയിൽ 4,31,939/- രൂപയും, രണ്ടാമത്തേതിൽ 23,09,171/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

50 $M^2$ മാത്രം വരുന്ന കെട്ടിടമാണ് നിർമ്മിച്ചിരിക്കുന്നത്. ചുമരുകൾ കെട്ടി ട്രാഫോർഡ് ഷീറ്റ് മേൽക്കൂര നൽകിയ കെട്ടിടത്തിൽ ഒരു ഹാൾ, ഓഫീസ് റൂം, ഡ്രെസ്സിംഗ് റൂം, ടോയ് ലെറ്റ് എന്നിവ ഇടച്ചുമർ നൽകി വേർതിരിച്ചിരിക്കുന്നു. കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് ( പ്ലംബിംഗ്, വൈദ്യുതി സംവിധാനങ്ങൾ ഒഴികെ).

റോഡ് പ്രവൃത്തിയിൽ ആകെ 126.45 മീറ്റർ കോൺക്രീറ്റ് ആണ് നടന്നിട്ടുള്ളത്. റോഡ്

നിർമ്മാണത്തിനായി 1580.54 $M^3$ (ലെവൽ ബുക്ക് 1/20-21) അളവിൽ മലയുടെ എസ്കവേഷൻ നടന്നിട്ടുണ്ട്. അളവു പുസ്തകം 23/20-21 പ്രകാരം കുഴിച്ചെടുത്തതിൽ 947.67 $M^3$ അളവും ഹാർഡ് റോക്ക് എസ്കവേഷനാണ്. ബാക്കി 632.87 $M^3$ മാത്രമേ സാധാരണ മണ്ണുള്ളൂ. സൈഡ് കെട്ടിനുള്ള 234.78 $M^3$ കരിങ്കല്ല് അവിടെ നിന്നു കുഴിച്ചെടുത്തതിൽ നിന്നുമാണ് ഉപയോഗിച്ചത്. ബാക്കിയുള്ള കരിങ്കല്ല് അവിടെ സ്റ്റാക്ക് ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതിനായി സർവ്വേ റിപ്പോർട്ട് ആക്കി ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

15.4.21 ലെ D2/General/2020-21 നമ്പർ കത്ത് മുഖേന അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച സർവ്വേ റിപ്പോട്ട് പ്രകാരം 766.51 M3 കരിങ്കല്ല് സ്റ്റാക്ക് ചെയ്യുകയും ഇതിന് കല്ലിന്റെ സ്ഥിതിയും, നിലവിലെ മാർക്കറ്റ് വിലയും കണക്കാക്കി 3,31,516/- രൂപ വില നിശ്ചയിച്ചിട്ടുമുണ്ട്. ഈ കല്ല് ലേലം ചെയ്ത് വിൽക്കാൻ നടപടി സ്വീകരിക്കാവുന്നതാണെന്ന് സൂപ്രണ്ട് അഭിപ്രായപ്പെട്ടെങ്കിലും ഈ കല്ല് നഗരസഭ സ്ഥലത്തിന്റെ അതിർത്തി വേർതിരിക്കുന്നതിന് ഉപയോഗപ്പെടുത്താൻ സെക്രട്ടറി അഭിപ്രായപ്പെട്ടു (6.5.21 ലെ കുറിപ്പ്).

ഓഡിറ്റ് ടീം 21.12.21 ന് പ്രസ്തുത സ്ഥലം നേരിൽ പരിശോധിച്ചു. ഓഡിറ്റ് വർഷത്തിലെ റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പു വർഷത്തിൽ നടന്നു വരുന്ന ഇതേ റോഡിന്റെ 200 മീറ്റർ വരുന്ന പ്രവൃത്തിയിലെ കരിങ്കല്ല് കെട്ടും, പാറയുടെ എസ്കവേഷനും സൈറ്റിൽ നടക്കുന്നുണ്ട് (അടങ്കൽ 20,00,000/-). നിലവിൽ എസ്കവേറ്റ് ചെയ്യുന്ന കല്ലുപയോഗിച്ചാണ് സൈഡ് കെട്ട് നടത്തുന്നത്. മുകളിൽ വിവരിച്ച കരിങ്കല്ലിന്റെ സ്റ്റാക്ക് കൃത്യമായി കാണാൻ സാധിച്ചില്ല. റോഡിന്റെ ഇരുഭാഗങ്ങളിലായി കാടു പിടിച്ചു കിടക്കുന്ന ഭാഗങ്ങളിൽ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന രീതിയിൽ പാറകൾ/കരിങ്കല്ല് കാണപ്പെട്ടു. കരിങ്കല്ല് കിടക്കുന്ന സ്ഥലം നഗരസഭയുടെ ഉടമസ്ഥതയിലാണോയെന്ന് വ്യക്തമല്ല. നിലവിൽ നിർമ്മാണം നടക്കുന്ന ഭാഗത്തു നിന്ന് 300 മീറ്റർ നീളത്തിൽ ഇനിയും റോഡ് നിർമ്മിക്കേണ്ടതുണ്ട്. നിലവിൽ മൺറോഡായി കാണപ്പെടുന്ന ഭാഗം പൊതു നിരത്താണോ, അതോ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലാണോയെന്ന് വ്യക്തമല്ല. റബർ തോട്ടത്തിലൂടെയും മറ്റും കടന്നു പോകുന്ന റോഡ് അവസാനിക്കുന്നിടത്തായി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ വാതിലുകളുടെ പൂട്ടുകൾ തകർത്ത രീതിയിലാണുള്ളത്. ഓഫീസ് മുറിയുടെ ഷീറ്റ് മേൽക്കൂര ഒരു ഭാഗം നശിച്ചിരിക്കുന്നു. സാമൂഹ്യവിരുദ്ധർ താവളമാക്കിയതിന്റെ ലക്ഷണങ്ങളുണ്ട്. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അതിരുകൾ വ്യക്തമല്ല. കെട്ടിടത്തിനു പുറകുവശത്ത് നിരപ്പായ സ്ഥലമുള്ളത് നഗരസഭയുടേതാണോയെന്ന് വ്യക്തമല്ല.

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കണ്ടെത്തിയ സ്ഥലത്തേയ്ക്ക് ഗതാഗത സൗകര്യമൊരുക്കുന്നതിനു മുമ്പേ കെട്ടിടം നിർമ്മിച്ചതെന്തിനെന്ന് വ്യക്തതയില്ല. പ്ലാസ്റ്റിക്

ഷ്രെഡിംഗിനായി വാങ്ങിയ മെഷീനുകൾ (നിലവിൽ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിരിക്കുന്നു) സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യം ഈ കെട്ടിടത്തിലില്ല. റോഡ് നിർമ്മാണത്തിനായി കുഴിച്ചെടുത്ത കല്ലുകൾ സുരക്ഷിതമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. ഈ കല്ലുകൾ സ്ഥലത്തിന്റെ അതിരുകൾ തിരിക്കുന്നതിനുപയോഗിക്കാമെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടതല്ലാതെ ഇതിനായി നാളിതുവരെ പദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല. പ്രസ്തുത കല്ലുകൾ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ എത്രയും വേഗം ലേലം ചെയ്തു കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നുവെങ്കിൽ കല്ലുകൾ നഗരസഭാ സ്ഥലത്ത് കൃത്യമായി സ്റ്റാക്ക് ചെയ്ത് സുരക്ഷിതമാക്കേണ്ടതാണ്. ഗതാഗത സൗകര്യം ഒരുക്കാതെയും, മെഷീൻ സംവിധാനങ്ങൾക്കാവശ്യമായ സൗകര്യം ലഭ്യമാകാത്ത വിധത്തിലും കെട്ടിടം നിർമ്മിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ഷ്രെഡിംഗ് യൂണിറ്റ് എത്രയും വേഗം പ്രവർത്തന ക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 കൊടുവള്ളി നഗരസഭയിലെ കെട്ടിടങ്ങളും ആസ്തികളും ജി.ഐ.എസ് മാപ്പിങ്ങ് നടത്തൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് സംബന്ധിച്ച്

കൊടുവള്ളി നഗരസഭയിലെ വസ്തുനികുതി മുൻകാല റെക്കോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം റെക്കോർഡുകളുടെ ഡാറ്റബേസ് സൃഷ്ടിക്കൽ, ആസ്തി രജിസ്റ്റർ പുതുക്കൽ എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ച പദ്ധതിയാണിത്. കൗൺസിലിന്റെ 12.10.18 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ജി. ഐ. എസ്. മാപ്പിങ്ങ് ഉപയോഗിച്ച് വസ്തു നികുതി പരിഷ്കരണം, ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷൻ, നഗരസഭ രേഖകളുടെ ഡിജിറ്റലൈസേഷൻ എന്നിവ ജി. ഐ. എസ്. മാപ്പിങ്ങ് ഉപയോഗിച്ച് നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാർ അംഗീകൃത സ്ഥാപനമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് പദ്ധതി നടത്തിപ്പിനായി വർക്ക് ഓർഡർ നൽകി. 7.01.19 ന് ULCCS യുമായി (22/18-19) കരാറിൽ ഏർപ്പെടുകയും ചെയ്തു. 2018-19 വർഷത്തിൽ 752368 രൂപ അഡ്വാൻസായി സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. 2018-19 മുതൽ 4 പദ്ധതികൾ ഇതിനായി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| 362/18-19 | 752368 | 752368 |
| 16/19-10 | 3500000 | ചെലവില്ല |

| | | |
|---|---|---|
| 113/20-21 | 3500000 | ചെലവില്ല |
| 246/21-22 | 3500000 | 623040 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) കരാർ പ്രകാരം പദ്ധതി പൂർത്തിയാക്കിയത് സംബന്ധിച്ച്

7. 1. 2019 ന് ULCCS യുമായി കരാറിൽ ഏർപ്പെടുകയും 15. 1. 2019 ൽ മൊബിലൈസേഷൻ അഡ്വാൻസായി 752368 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 3 മാസം കൊണ്ട് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. അതായത് 3/19 ആകുമ്പോഴേക്കും പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. യു. എൽ. സി. സി എസ് *ജി 16*/18 19 /303 /27.5.19 നമ്പർ കത്ത് പ്രകാരം ജി.ഐ.എസ് മാപ്പിംഗ് പൂർത്തീകരിച്ചതായി ULCCS അറിയിച്ചിട്ടുണ്ട്. 17. 7. 2019 ന് കൗൺസിലർമാർക്കും ജീവനക്കാർക്കും ഡാറ്റാ പ്രസന്റേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ജി. ഐ. എസ് മാപ്പിംഗ് ഉപയോഗിച്ച് വസ്തുനികുതി പരിഷ്കരണം നടത്തുന്നതിന്റെയും ആസ്തി രജിസ്റ്ററും നഗരസഭ രേഖകളും ഡിജിറ്റലൈസ് ചെയ്തതിന്റെയും, മുൻകാല രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) പദ്ധതിനിർവഹണത്തിൽ ഐ. കെ. എം. സൂപ്പർവിഷൻ ലഭ്യമായത് സംബന്ധിച്ച്

24.10.19 ലെ ജി.ഓ(സാധാ) 2556 /18/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഉത്തരവ് പ്രകാരം ജി.ഐ.എസ് മാപ്പിംഗ് ഐ.കെ.എം. സൂപ്പർവിഷനിൽ നടത്തണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ ഐ.കെ.എം ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. പ്രവൃത്തി തുടങ്ങുന്നതിനു മുൻപ് തന്നെ പ്രവൃത്തിയുടെ സൂപ്പർവിഷൻ ഐ.കെ.എം സഹകരണത്തോടെ നടത്തുന്നതിൽ നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്. 27.6.19 നും 27.7.21 നും ഐ. കെ. എം. സേവനം ആവശ്യപ്പെട്ടുകൊണ്ട് ഐ. കെ. എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല. യു.എൽ.സി.സി.എസ്. പ്രവൃത്തികൾ സർക്കാർ മാനദണ്ഡ പ്രകാരം ആണോ എന്ന് ഐ.കെ.എം സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഐ.കെ.എം. ഉണ്ടാക്കി വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളുമായി സംയോജനം നടത്താതെ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം ഫണ്ട് ലാപ്സാ കുന്നത് സംബന്ധിച്ച്

2019-20, 2020-21 വർഷങ്ങളിൽ 1000000 രൂപ വീതം വികസന ഫണ്ടും 25 ലക്ഷം രൂപ വീതം തനത് ഫണ്ടും വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട് എങ്കിലും തുടർനടപടികളൊന്നും ചെയ്യാത്തതു മൂലം ഫണ്ട് പാഴായിട്ടുണ്ട്. 20,00,000 രൂപ വികസന ഫണ്ട് ഈ പദ്ധതി പ്രകാരം സമയബന്ധിതമായി ഫണ്ട് ഉപയോഗിക്കാത്തതിനാൽ ലാപ്സ് ആയി പോയിട്ടുണ്ട് .

15. 10. 19 ജി.പി.എസ് പദ്ധതി നഗരസഭയിൽ പൂർത്തിയാക്കി എന്ന രീതിയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ബേസ് മാപ്പ്, ഡ്രോൺ സർവ്വേയ്ക്ക് 6,23,040 രൂപയും, GIS Portal ന് 11,80,000 രൂപയും ഹൗസ് സർവ്വേയ്ക്ക് 22,06,600 രൂപയുടെയും ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പൂർത്തീകരിച്ച പ്രവർത്തികൾ കൊണ്ടുമാത്രം മേൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കില്ല. തുടർ നടപടികളുടെ വീഴ്ച മൂലം പദ്ധതി ലക്ഷ്യം കൈവരിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. 6. 11. 2019 ന് ശേഷം ഒരു വർഷവും എട്ട് മാസവും കഴിഞ്ഞ് 27. 07. 2021 നാണ് ഈ പദ്ധതിയിൽ മേൽ തുടർ നടപടികൾ ആരംഭിക്കുന്നത്. നീണ്ട കാലയളവിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഒരു നടപടികളും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 14/20-21 തിയ്യതി 22.12.21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.ഐ.എസ് മാപ്പിംഗ് ഉപയോഗിച്ച് വസ്തുനികുതി പരിഷ്കരണം നടത്തുന്നതിന്റെയും ആസ്തി രജിസ്റ്ററും നഗരസഭ രേഖകളും ഡിജിറ്റലൈസ് ചെയ്തതിന്റെയും, മുൻകാല രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ പദ്ധതിയ്ക്കായി ചെലവഴിച്ച തുക ഓഡിറ്റ് അംഗീകരിക്കുകയുള്ളൂ.

## 1-23 കൊയപ്പാ ഫുട്ബോൾ ടൂർണ്ണമെന്റിനു അനുമതി നല്കിയതിലെ അപാകതകൾ

ഫയൽ നമ്പർ - R2-10321/19

കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ ഉള്ള മിനി സ്റ്റേഡിയത്തിൽ 2020 ജനവരി 5 മുതൽ ഫെബ്രുവരി 10 വരെ കൊയപ്പ ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തുന്നതിന് ലൈറ്റ്നിങ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, കൊടുവള്ളി എന്ന സംഘടനക്ക് സ്റ്റേഡിയം വിട്ടു നൽകിയിട്ടുണ്ട് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) അക്കൗണ്ടിൽ പണമില്ലാതെ ചെയർ പേഴ്സൺന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ചെക്ക് നൽകി കബളിപ്പിച്ചു.

കൊടുവള്ളി മുൻസിപ്പാലിറ്റിയുടെ സ്റ്റേഡിയത്തിൽ വച്ച് നടന്നു വരാറുള്ള കൊയപ്പാ ഫുട്ബോൾ ടൂർണ്ണമെന്റിന്റെ നടത്തിപ്പിനായി ലൈറ്റ്നിങ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് സെക്രട്ടറി ശ്രീ.പി.ഇ.മുഹമ്മദ്, സ്റ്റേഡിയം വിട്ടുകിട്ടുന്നതിന് വേണ്ടി മുനിസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 25.10.2019 തിയ്യതിയിലാണ്. 19.11.2019 ൽ ക്ലബ് സെക്രട്ടറി നഗരസഭാ ചെയർ പേഴ്സണ് എഴുതിയ കത്തിൽ ടൂർണ്ണമെന്റിൽ നിന്ന് ലഭിക്കുന്ന ആദായം ചെയർ പേഴ്സൺന്റെ ദുരിതാശ്വാസ നിധിയിലേയ്ക്കും മറ്റ് സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേയ്ക്കും സംഭാവന നൽകാൻ തീരുമാനിച്ചതായി അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ ചെയർപേഴ്സന്റെ

ദുരിതാശ്വാസ നിധിയിലേക്ക് 2,50,000/- രൂപ സംഭാവനയായി നൽകണം എന്ന നിബന്ധനയോടെ മുനിസിപ്പൽ കൗൺസിലിന്റെ 30.11.2019 തിയ്യതിയിലെ 9ാം നമ്പർ തീരുമാനം, 24.12.2019 ലെ 3/1 നമ്പർ തീരുമാനം എന്നിവ പ്രകാരമാണ് സ്റ്റേഡിയം ടൂർണ്ണമെന്റിനായി വിട്ടുകൊടുത്തത്. സംഘാടകരിൽ നിന്നും 14.1.2020 തിയ്യതിയിലെ 005679, 005680, 10.1.2020 തീയ്യതിയിലെ 005678 നമ്പർ ചെക്കുകൾ മുഖേന (യഥാക്രമം 1 ലക്ഷം രൂപ, 50,000/- രൂപ, 1 ലക്ഷം രൂപ) 2,50,000 രൂപയുടെ ചെക്കുകൾ ലഭിക്കുകയും നഗരസഭാ അക്കൗണ്ടിൽ വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ 100451201020018 ൽ ഉള്ള ഈ ചെക്കുകൾ കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്കിൽ കലക്ഷനായി സമർപ്പിച്ചപ്പോൾ അക്കൗണ്ടിൽ ആവശ്യമായ പണം ഇല്ല എന്ന പേരിൽ ചെക്ക് കലക്ഷനാകാതെ മടങ്ങി. കൊയപ്പാ ഫുഡ്ബോൾ ടൂർണ്ണമെന്റിന്റെ നടത്തിപ്പിനായി ലൈറ്റ്നിങ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ വഞ്ചനാപരമായ ഈ നടപടിക്കെതിരെ 24.12.2020 ന് സെക്രട്ടറി നോട്ടീസ് നൽകുകയും ചെയ്തു. തുക ഈടാക്കുന്നതിന് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് 24.3.20 ലെ 2/1 നമ്പർ തീരുമാന പ്രകാരം നഗരസഭാ കൗൺസിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 4. 5. 2020 ലെ 2/ 1 നമ്പർ തീരുമാനപ്രകാരം നഗരസഭയെ ഇത്തരത്തിലുള്ള വണ്ടിച്ചെക്ക് നൽകി കബളിപ്പിച്ച പ്രസ്തുത ക്ലബ്ബിനെതിരെ നിയമ നടപടി സ്വീകരിക്കാൻ 1. 6. 2020 അഡ്വക്കേറ്റ് ശ്രീ. സി. എം. ഖാലിദിനെ ഏൽപ്പിക്കുകയും അദ്ദേഹം 13. 8. 2020 ന് പ്രസ്തുത കക്ഷികൾക്ക് വക്കീൽ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കേസിലെ തുടർനടപടികളും ക്ലബ്ബിൽ നിന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് .

2) കരാറിൽ ഏർപ്പെടാതെ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മിനിസ്റ്റേഡിയം ഫുട്ബോൾ ടൂർണമെന്റിന് അനുവദിച്ചു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മിനിസ്റ്റേഡിയം ഫുട്ബോൾ ടൂർണമെൻറിന് ഉപയോഗിക്കുന്നത് സംബന്ധിച്ചും ഗ്രൗണ്ട് നഗരസഭയ്ക്ക് കൈമാറുമ്പോൾ ആയത് പൂർവ്വസ്ഥിതിയിലേക്ക് മാറ്റി നൽകേണ്ടതാണ് എന്നത് സംബന്ധിച്ചും പാലിക്കേണ്ട മറ്റു വ്യവസ്ഥകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കരാറിൽ ഏർപ്പെടാതെയാണ് ക്ലബ്ബിന് മിനിസ്റ്റേഡിയം ഉപയോഗിക്കുന്നതിനായി നൽകിയിട്ടുള്ളത് . ഇത് ക്ലബ് നൽകിയിട്ടുള്ള ഓഫറുകൾ പാലിക്കാതിരിക്കുകയും പുഴ കയ്യേറിക്കൊണ്ടും കെട്ടിട നിർമ്മാണ പെർമിറ്റ് ഇല്ലാതെയും ഗ്യാലറി നിർമ്മിച്ച് ഫുട്ബോൾ ടൂർണമെന്റ് നടത്തുന്നതിനും ഇടയാക്കിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ലൈസൻസ് ഫീസ് പൂർണമായും ഈടാക്കി യില്ല

ടൂർണ്ണമെന്റ് നടത്തുന്നതിന് സംഘാടകർക്ക് മുനിസിപ്പാലിറ്റി അനുമതി നല്കിയത്, 1965 ലെ Kerala

Places Of Public Resort Rules പ്രകാരമാണ്. 2020 ജനുവരി 10 മുതൽ ഫെബ്രുവരി 10 വരെ കൊയപ്പ ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. PPR ലൈസൻസ് ഫീസ് 930 രൂപ, ഷോ ടാക്സ് 50 രൂപ, സർചാർജ് 15 രൂപ എന്നിങ്ങനെ 995 രൂപ ദിനം പ്രതി ഈടാക്കിയാണ് ടൂർണമെന്റിന് അനുമതി നല്കിയത്. എന്നാൽ 10.01.20 മുതൽ 8.2.20 വരെ തിയ്യതികളിലേക്കുള്ള തുക മാത്രമാണ് ക്ലബ് അടവാക്കിയിട്ടുള്ളത്. 9.2.20, 10.2.20 എന്നീ തിയ്യതികളിലേക്ക് അടവാക്കേണ്ടിയിരുന്ന 1,990 രൂപ (2x995) ക്ലബ് നഗരസഭയിൽ അടവാക്കിയിട്ടില്ല.

4) ടൂർണ്ണമെന്റ് നടത്തുന്നത്തിപ്പ് സംബന്ധിച്ച് ശ്രീ. സി. എം. ഗോപാലൻ 14. 1. 20 ന് നൽകിയ പരാതിയിൽ ലൈറ്റ്നിങ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടക്കുന്ന കൊയപ്പ സ്മാരക ഫുട്ബോൾ ടൂർണമെൻറിന് കമ്മറ്റി നൽകുന്ന ടിക്കറ്റിൽ (ET Exempted ) എന്ന് നഗരസഭയുടെ പേരിൽ സീൽ പതിച്ചതായി കാണുന്നു എന്നും പ്രസ്തുത നികുതി നിലവിലില്ലാതിരിക്കെ നഗരസഭയുടെ പേരിൽ വ്യാജ സീൽ നിർമ്മിച്ച് ഉപയോഗിച്ചതിനെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കണമെന്നും ടിക്കറ്റിന്റെ പകർപ്പ് സഹിതം പരാതി നൽകിയിട്ടുണ്ട്. ഫുട്ബോൾ ടൂർണ്ണമെന്റിന് ഉപയോഗിച്ചിട്ടുള്ള ടിക്കറ്റുകൾ നഗരസഭയിൽ നിന്ന് സീൽ ചെയ്ത് നൽകിയതാണെങ്കിൽ ആകെ എത്ര ടിക്കറ്റുകൾ സീൽ ചെയ്തു നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് .

5) 9.1.20, 10.1.20 എന്നീ തിയ്യതികളിൽ ലൈറ്റ്നിങ് ആർട്സ്സ് ആന്റ് സ്പോർട്സ് ക്ലബിനു വേണ്ടി ശ്രീ. തങ്ങൾസ് മുഹമ്മദ് എഴുതിയ കത്തിൽ കൊടുവള്ളിയിൽ ഒരു പുതിയ ഗ്രൗണ്ട് നിർമ്മിക്കണമെന്ന പൊതു ജനങ്ങളുടെ ആവശ്യത്തിലേക്ക് നഗരസഭയ്ക്ക് സാമ്പത്തികമായി നല്ലൊരു സഹായം നൽകാനും മുൻസിപ്പൽ സ്റ്റേഡിയത്തിനായി സ്ഥലം എടുക്കുന്നതിലേക്ക് 5,00,000 രൂപ നൽകാൻ ക്ലബ് തയ്യാറാണെന്നും അറിയിക്കുന്നുണ്ട്. ഈ ഓഫറിൻമേൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം. 12/2019-20 തിയ്യതി 17.12.21). അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതും ഈടാക്കാനുള്ള തുക ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-24 സ്കൂൾ സ്റ്റേജ് നിർമ്മാണം - പദ്ധതി രൂപീകരണ നിർവ്വഹണത്തിൽ അപാകത

മുനിസിപ്പൽ എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം ചെയ്ത പ്രവൃത്തിയാണ് കൊടുവള്ളി ജി.എച്ച്.എസ്.എസ്. സ്റ്റേജ് നിർമ്മാണം (252/21). 15,00,000/- രൂപ തനതുഫണ്ട് അടങ്കലിൽ തയ്യാറാക്കിയ ഈ പദ്ധതി 13,43,889.87/- രൂപ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അബ്ദുൾ ബഷീർ എന്ന കരാറുകാരനെ ഏൽപ്പിച്ച് 4.12.18 ന് കരാറിലേർപ്പെട്ടു. പ്രോജക്ടിന്റെ രൂപീകരണത്തിലും, എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു,

1. ആവശ്യകത ഉറപ്പു വരുത്താതെ/ഗുണഭോക്താക്കളുടെ അഭിപ്രായം തേടാതെ പദ്ധതി തയ്യാറാക്കുന്നു:-

പദ്ധതി രൂപീകരിച്ച് ടെണ്ടർ നടപടിയിലൂടെ പ്രവൃത്തി ഏൽപ്പിച്ച് 4.12.18 ന് കരാർ ചമച്ചു. എന്നാൽ 28.3.19 ന് കരാറുകാരൻ തന്റെ പ്രവൃത്തി കാലാവധി നീട്ടി നൽകാൻ ആവശ്യപ്പെട്ടു നൽകിയ അപേക്ഷയിൽ കാരണം രേഖപ്പെടുത്തിയിരിക്കുന്നത് നിർമ്മാണം നടത്തേണ്ട സ്ഥലം സംബന്ധിച്ച് സ്കൂൾ പി.ടി.എ. അറിയിപ്പ് നൽകിയിട്ടില്ലയെന്നും, നിർമ്മാണത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ലഭിക്കാൻ വൈകിയെന്നുമാണ്. നിർമ്മാണ സ്ഥലം സംബന്ധിച്ച് പി.ടി.എ. അറിയിപ്പ് നൽകിയത് 4.5.2019 നാണ്.

പദ്ധതി നിർവ്വഹണ സമയം സ്കൂൾ അധികൃതരുടെ വിവിധ ആവശ്യങ്ങൾ പരിഗണിച്ച് പ്രവൃത്തി ചെയ്യുന്നതിന് എസ്റ്റിമേറ്റ് പുതുക്കാൻ 22.8.19 ലെ കൗൺസിൽ തീരുമാനം 4/1 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ വിവിധ ആവശ്യങ്ങളുന്നയിച്ച് സ്കൂൾ പ്രിൻസിപ്പാൾ കത്ത് നൽകിയിരിക്കുന്നത് 25.9.19 നാണ്. (തിയ്യതികളിലെ വൈരുദ്ധ്യത്തിന്റെ കാരണം വ്യക്തമല്ല). സ്റ്റേജിന്റെ തറ കോൺക്രീറ്റ് എന്നത് ടൈൽ ചെയ്തു നൽകാനും, സ്റ്റേജിലേയ്ക്ക് റാമ്പ് നിർമ്മിക്കുന്നതിനും, ക്ലാസ് വരാന്തയിലേയ്ക്ക് വെള്ളം തെറിക്കാതിരിക്കാൻ സ്റ്റേജിന് പാരപെറ്റ് നിർമ്മിക്കണമെന്നും പ്രിൻസിപ്പാൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കളുടെ യഥാർത്ഥ ആവശ്യങ്ങൾ പരിഗണിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഏൽപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി:-

എസ്റ്റിമേറ്റിൽ 21, 22 ഇനങ്ങളായി സ്ട്രക്ച്ചറൽ ഗ്ലേസിംഗ് പ്രവൃത്തിയ്ക്കായി DAR ലെ ഐറ്റം 25.1, 25.2 എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി സ്റ്റേജിന്റെ ഏതു ഭാഗത്താണ് ചെയ്യുന്നതെന്നതും, ഇതിന്റെ സ്ട്രക്ച്ചറൽ ഡിസൈനും ഫയലിൽ വ്യക്തമല്ല. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൽ ഈയിനങ്ങൾ ഉപയോഗിച്ച് യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത് നെയിംബോർഡിന്റെ നിർമ്മാണമാണ്. നെയിംബോർഡിൽ സ്ഥാപിക്കുന്നതിന് സ്റ്റീൽ ഷീറ്റ് പൊതിഞ്ഞ അക്രിലിക് പോലുള്ള ഷീറ്റിൽ നിർമ്മിച്ച അക്ഷരങ്ങൾ നിർമ്മിക്കുന്നതിനായി എക്സ്ട്രാ ഐറ്റവും (E6) പുതുക്കിയ എസ്റ്റിമേറ്റിൽ നൽകിയിട്ടുണ്ട്.

മേൽ ഇനങ്ങളുടെ വിവരണം പരിശോധിച്ചാൽ ബഹുനില കെട്ടിടങ്ങളുടെ ബാഹ്യവശങ്ങളിൽ മഴയേയും, കാറ്റിനേയും പ്രതിരോധിക്കും വിധവും, കെട്ടിടത്തിനകത്തെയും പുറത്തേയും മർദ്ദം സന്തുലിതമാക്കും വിധവും ഗ്ലേസിംഗ് സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഇതെന്ന് വ്യക്തമാകുന്നു. ഇതിന്റെ ഡാറ്റയിൽ വെതർ സീലന്റ്, EPDM Gasket എന്നീ സാധനങ്ങളും, ഇവ ഉറപ്പിക്കുന്നതിനുള്ള വലിയ നിരക്കിലുള്ള ഇൻസ്റ്റലേഷൻ, ഫാബ്രിക്കേഷൻ ചാർജ്ജുകളും ഉൾപ്പെടുന്നുണ്ട്. എന്നാൽ നെയിംബോർഡിന്റെ നിർമ്മാണത്തിന് ഇത്തരത്തിലുള്ള സാമഗ്രികളുടെ ഉപയോഗമോ, ഇൻസ്റ്റലേഷനും ഫാബ്രിക്കേഷനുമായി വലിയ മനുഷ്യാദ്ധ്വാനമോ വേണ്ടി വരുന്നില്ല. 21.12.21 ന് ഓവർസിയറുടെ

സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സ്ട്രക്ച്ചറൽ ഗ്ലേസിംഗ് പ്രവൃത്തിയ്ക്ക് (പകരം) എ.സി.പി. ഷീറ്റ് ഉപയോഗിച്ചുള്ള നെയിംബോർഡ് ആണ് നിർമ്മിച്ചിരിക്കുന്നത്.

നെയിംബോർഡ് നിർമ്മാണത്തിന് വലിയ നിരക്കിലുള്ള മേൽ ഇനങ്ങൾ ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും, യഥാർത്ഥ ആവശ്യകത പരിഗണിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമായില്ല. യഥാർത്ഥ ആവശ്യങ്ങൾ നിറവേറും വിധം പദ്ധതികൾ തയ്യാറാക്കേണ്ടതും, തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-25 പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നഗരസഭയിൽ നിലവിലുള്ള 36 ഡിവിഷനുകളിലായി ഏകദേശം 4200 ഓളം 24 വാട്ട് ഓട്ടോമാറ്റിക് ഓർഡിനറി ലൈറ്റുകൾ മാറ്റി ഊർജ്ജ സംരക്ഷണത്തിന് കൂടുതൽ ഉതകുന്ന എൽ.ഇ.ഡി ലൈറ്റുകൾ ആക്കി മാറ്റുക, നഗരസഭയുടെ നിലവിലുള്ള ഭീമമായ വൈദ്യുതി ചെലവ് തുക കുറയ്ക്കുക എന്നീ ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ നമ്പർ തീയതി |
|---|---|---|---|---|
| 1 | 46/18-19 പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 4000000 (3000000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1000000 – തനത് ഫണ്ട്) | 1407150 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 243961/22.2.19 303020/6.3.19 426503/20.3.19 |
| 2 | 2/19-20 | 3500000 | ചെലവില്ല | - |

| | | | | |
|---|---|---|---|---|
| | പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| 3 | 184/19-20 പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ. (സ്പിൽ ഓവർ) | 2592850 1592850 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1000000 - തനത് ഫണ്ട് | 469050 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 561463/7.9.19 |
| 4 | 109/20-21 പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ) | 2123800 1123800 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1000000 - തനത് ഫണ്ട് | 1123800 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 174224,5, 6/11.4.20 |
| 5 | 18/20-21 പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 2000000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1500000 – തനത് ഫണ്ട് | ചെലവില്ല | - |
| 6 | 318/20-21 പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ ( സ്പിൽ ഓവർ ) | 3500000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3500000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 88161/30.11.20 330911/23.3.21 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) പദ്ധതിയുടെ മൂന്നാം ഗഡുവായി അധിക തുക ചെലവഴിച്ചു

പദ്ധതിപ്രകാരം കെ.എസ്.ഐ.ഇ (Kerala State Industrial Enterprises Ltd.) യുമായി ഉണ്ടാക്കിയ കരാർപ്രകാരം (23/18-19/18.1.2018) സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ആകെ ചെലവ് തുക തുല്യ ഗഡുക്കളായി 2018-19, 19-20, 20-21, 21 - 22 പദ്ധതി കാലയളവിൽ നൽകുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ പദ്ധതിയുടെ കരാർ പ്രകാരം കെ.എസ്.ഐ.ഇ, കോഴിക്കോട് എന്ന സ്ഥാപനത്തിന് നൽകാനുള്ള രണ്ടാം ഗഡു തുക നൽകുന്നതിനു വേണ്ടി 2019-20 ക്രമനമ്പർ 2 പ്രകാരം പദ്ധതി രൂപീകരിച്ചു. തൻവർഷം തുക ചെലവഴിക്കാതെ 20-21 വർഷത്തിൽ ക്രമനമ്പർ 6 ന് പകരം സ്പിൽ ഓവറായി 3500000 രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഇ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം രണ്ടാം ഗഡു വായി നൽകേണ്ടത് 3224375 രൂപയാണ്. എന്നാൽ ഈ പദ്ധതിൽ കെ.എസ്.ഐ.ഇ, യ്ക്ക് 3500000 രൂപ നൽകുകവഴി 275625 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. (3500000-3224375) അധികം നൽകിയ തുക തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കേണ്ടതാണ്.

2) അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ തെരുവ് വിളക്കുകൾ വാങ്ങി

നഗരസഭയിൽ നിലവിലുള്ള ഏകദേശം 4200 ഓളം ഓർഡിനറി ലൈറ്റുകൾ മാറ്റി പുതിയ 24 വാട്ട് എൽഇഡി ലൈറ്റുകളും സ്റ്റേറ്റ് ഹൈവേകളിൽ 350 ഓളം 75 വാട്ട് എൽഇഡി സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിന് KSIE, SILK, SIDCO, KREWS, KELTRON, KEL, ARTCO തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ഓഫർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് (24 വാട്ട് എൽഇഡി ലൈറ്റ്- 2650 രൂപയും 75 വാട്ട് എൽ.ഇ.ഡി ലൈറ്റ് 5050 രൂപയും ) ക്വോട്ട് ചെയ്ത കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തെ 26.11.2018 Ns8 2ലെ 8/2 നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഏൽപ്പിച്ചു. എന്നാൽ ഈ സ്ഥാപനത്തിന് ടെൻഡർ നടപടികൾ കൂടാതെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ അനുവാദം നൽകിയിട്ടുള്ള സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) തെരുവുവിളക്കുകൾ കത്താത്ത ത് സംബന്ധിച്ച് പരാതികൾ

കെ.എസ്.ഐ.ഇ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾ കത്താത്തത് സംബന്ധിച്ച് വ്യാപകമായ പരാതികൾ ലഭിക്കുന്നുണ്ട്. ഉദാഹരണമായി ചില ഡിവിഷനുകളിൽ തെരുവ് വിളക്കുകൾ കത്തുന്നില്ല എന്നത് സംബന്ധിച്ച് കൗൺസിലർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് കാണുന്നു. ചില ഉദാഹരണങ്ങൾ-

| ഡിവിഷൻ | സ്ഥാപിച്ച തെരുവ് വിളക്കുകൾ | കത്താത്ത വിളക്കുകൾ |
|---|---|---|

| | | |
|---|---|---|
| 18 | 121 | 78 |
| 14 | 88 | 33 |
| 8 | 94 | 37 |
| 5 | 134 | 68 |

ഡിവിഷനിൽ സ്ഥാപിച്ച തെരുവുവിളക്കുകൾ കത്താത്തതിന്റെ എണ്ണം കൗൺസിലർമാർ റിപ്പോർട്ട് ചെയ്തതിനുശേഷം കെ എസ് ഐ ഇ റിപ്പയർ ചെയ്ത തെരുവുവിളക്കുകൾ വീണ്ടും കേടായത് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പല വാർഡുകളിലും തെരുവു വിളക്കുകൾ വ്യാപകമായി കത്താത്ത അവസ്ഥയുണ്ട്.

4) സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ട ില്ല

ഓരോ ഡിവിഷനുകളിലും തെരുവിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാർഡ് തിരിച്ചുള്ള തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. നഗരസഭ കൗൺസിലിന്റെ 24.3.20 ലെ 3/10 നമ്പർ കെ.എസ്.ഇ.ബി അസിസ്റ്റൻറ് എൻജിനീയറുടെ സാന്നിധ്യത്തിൽ നഗരസഭ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ 14.10.19 ന് സംയുക്ത പരിശോധന നടത്തി ആകെ വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ റജിസ്റ്റർ ഇല്ലാത്തതിനാൽ മേൽ റിപ്പോർട്ട് പ്രകാരം ഓരോ പോസ്റ്റിലും നിലവിലുണ്ടായിരുന്ന വിളക്കുകൾ ഏത് ഇനത്തിൽ പെട്ടവയായിരുന്നു എന്നും പ്രവർത്തിക്കുന്നവയായിരുന്നോ എന്നും ഗ്യാരണ്ടി കാലാവധി നിലവിലുള്ളതാണോ എന്നും വ്യക്തമല്ല. ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി സ്ഥാപിച്ച വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് കെ. എസ്. ഐ. ഇ. നൽകാനുള്ള ബില്ല് തയ്യാറാക്കുന്നത്. ഇതിൽ 2017-18 വർഷത്തിൽ 358/18 നമ്പർ പ്രൊജക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള വാറന്റി നിലവിലുള്ള വിളക്കുകളും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് തെരുവ് വിളക്കുകളുടെ രജിസ്റ്റർ ഇല്ലാത്തതിനാൽ പരിശോധിക്കാനായിട്ടില്ല. കൂടാതെ വിവിധ വർഷങ്ങളിൽ വാങ്ങുന്ന തെരുവ് വിളക്കുകൾ സ്റ്റോക്കിൽ എടുക്കാതെയാണ് സ്ഥാപിക്കുന്നത്. ആയതിനാൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5) എല്ലാ സ്ട്രീറ്റ് ലൈറ്റുക ളും എൽ.ഇ.ഡി ആക്കി മാറ്റിയിട്ടും വൈദ്യുതി ചാർജ് കുറവ് വരു ന്നില്ല

സംസ്ഥാന സർക്കാർ നിലാവ് പദ്ധതി ആരംഭിക്കുന്നതിനു മുമ്പേ തന്നെ ഊർജസംരക്ഷണത്തിന്റെ ഭാഗമായി നിലവിലെ തെരുവുവിളക്കുകൾ എല്ലാം എൽ.ഇ.ഡി ലൈറ്റുകൾ ആയി മാറ്റുന്ന പദ്ധതി കൊടുവള്ളി നഗരസഭയിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചെങ്കിലും നഗരസഭ അടയ്ക്കുന്ന വൈദ്യുതി ചാർജിൽ കുറവ് വന്നിട്ടില്ല.

തെരുവ് വിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തുന്നത് പരിഗണിക്കേണ്ടതാണ്.

6) പദ്ധതി പ്രകാരം മാറ്റിയ ഉപയോഗപ്രദമായ പഴയ വിളക്കുകളും ഉപകരണങ്ങളും സ്ക്രാപ്പുകളും ലേലം ചെയ്ത് വിറ്റില്ല.

18.3.19 ലെ 23 /18-19 നമ്പർ പ്രകാരമുള്ള കരാർ വ്യവസ്ഥ 5 പ്രകാരം ഒഴിവാക്കുന്ന സ്ട്രീറ്റ് ലൈറ്റുകൾ ഉപയോഗപ്രദമായതും, സ്ക്രാപ്പുകളും കെ. എസ്. ഐ. ഇ. സ്വന്തം നിലയ്ക്ക് നഗരസഭ ആവശ്യപ്പെടുന്ന സ്ഥലത്ത് എത്തിക്കേണ്ടതാണ്. ഇവയിൽ ഉപയോഗപ്രദമായതും സ്ക്രാപ്പുകളും കമ്മ്യൂണിറ്റി ഹാളിൽ കൂട്ടിയിട്ടതായി കണ്ടു. പദ്ധതി പ്രകാരം മാറ്റിയ തെരുവ് വിളക്കുകൾ സ്റ്റോക്കിൽ എടുത്ത് വാല്യേഷൻ നടത്തി ലേലം ചെയ്ത് വിൽക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7) സ്ഥാപിച്ചിട്ടുള്ള LED ലൈറ്റുകളുടെ എണ്ണത്തിലെ പൊരുത്തക്കേ ട്

ഈ പദ്ധതി പ്രകാരം വിവിധ ഡിവിഷനുകളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച് വിവിധ വാർഡുകളിലെ കൗൺസിലർമാർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഈ സാക്ഷ്യപത്ര പ്രകാരമുള്ള തെരുവ് വിളക്കുകളുടെ എണ്ണവും കെ.എസ്.സി.ബി യുമായി നടത്തിയ സംയുക്ത പരിശോധന പ്രകാരമുള്ള തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തക്കേട് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിവിഷൻ | കൗൺസിലർമാരുടെ സാക്ഷ്യപത്ര പ്രകാരം മാറ്റിയ തെരുവ് വിളക്കുകൾ | സംയുക്ത പരിശോധന പ്രകാരമുള്ള തെരുവ് വിളക്കുകളുടെ എണ്ണം |
|---|---|---|
| 2 | 94 | 65 |
| 3 | 135 | 123 |
| 4 | 144 | 94 |
| 5 | 178 | 193 |
| 9 | 167 | 111 |
| 14 | 88 | 144 |
| 24 | 140 | 120 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7) ബഹുവർഷ പദ്ധതി നടപ്പിലാക്കി യതിലെ അപാകത

ഈ പദ്ധതി ബഹു വർഷ പദ്ധതികൾ ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും നടപ്പാക്കിയിട്ടുള്ള ത് ഏക വർഷ പ്രോജക്ടുകൾ ആയിട്ടാണ്. 2.2.2018 – ലെ സ.ഉ(പി)17/18/ത.സ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം ബഹുവർഷ പ്രോജക്ടിൽ എല്ലാ ഘടകങ്ങളും ഒരുമിച്ച് വ്യക്തമായി രേഖപ്പെടുത്തി പ്രൊജക്ടിന്റെ മൊത്തം അടങ്കൽ കണക്കാക്കണം. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. 18-19 ൽ ആരംഭിച്ച ഈ പദ്ധതിയിൽ രണ്ടാം വർഷമായ 19-20 ൽ ഈ പദ്ധതിയിലേയ്ക്ക് തുക ചെലവഴിക്കാനായി പുതിയ ഒരു പദ്ധതി കൂടി തയ്യാറാക്കിയിട്ടുണ്ട്. 20-21 ലും ഈ പദ്ധതിയ്ക്കായി 2 പദ്ധതി കൾ നടപ്പിലാക്കിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/ 2019-21 തിയ്യതി 22 .12.21 യ്ക്ക് മറുപടിലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ 20-21 വർഷത്തിൽ ചെലവഴിച്ച 46,23,800 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-26 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആവശ്യമായ തുക വകയിരുത്തിയില്ല

കൊടുവള്ളി നഗരസഭയിൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികർക്കുള്ള സ്കോളർഷിപ്പ് പദ്ധതികളുടെ (28/29-20, 13/20-21, 167/20-21) ബില്ലുകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ കൂടുതൽ പരിഗണന അർഹിക്കുന്ന ഈ വിഭാഗത്തിന് വേണ്ടത്ര തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്നു കാണുന്നു.

14.02.18 ലെ സർക്കാർ ഉത്തരവ് (MS) നമ്പർ 22/18 തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പ്, യാത്രാബത്ത, വസ്ത്രങ്ങൾക്കുള്ള ബത്ത, ഉല്ലാസയാത്ര എന്നീ ഇനങ്ങളിലായി മൊത്തം 28,500 രൂപ പ്രതിവർഷം അനുവദിക്കാം. എന്നാൽ നഗരസഭയിൽ ഒരു കുട്ടിക്ക് 2019-2020 വർഷത്തിൽ 8,592 രൂപ നിരക്കിലും 2020-21 വർഷത്തിൽ 8,000 രൂപ നിരക്കിലും മാത്രമെ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ച് കാണുന്നുള്ളു. സ്കോളർഷിപ്പ് നൽകേണ്ട 144 കുട്ടികളിൽ ഏകദേശം 95 പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ആണ്. പദ്ധതിയുടെ മൊത്തം അടങ്കൽ 2019-20, 2020-21 വർഷങ്ങളിൽ 10,00,000 രൂപ വീതം മാത്രമാണ്

വകയിരുത്തിയിട്ടുള്ളത്. ഇവർക്ക് മാത്രം സ്കോളർഷിപ്പ് നൽകണമെങ്കിൽ 27,07,500 (28500x95) രൂപ വേണമായിരുന്നു. കൂടാതെ ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ കണക്ക് കൂടി കൂട്ടിയാൽ വകയിരുത്തേണ്ടിയിരുന്ന തുക പദ്ധതി രൂപീകരണ സമയത്ത് വകയിരുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയ്ക്ക് വീഴ്ച സംഭവിച്ചു എന്നു കാണാം.

മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും അർഹതപ്പെട്ട സ്കോളർഷിപ്പ് തുക മുഴുവൻ നൽകുന്നതിന് ആവശ്യമായ തുക വകയിരുത്താൻ പദ്ധതി രൂപീകരണ സമയത്ത് പ്രത്യേകം ശ്രദ്ധ പുലർത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-27 പ്ലാസ്റ്റിക് ഷ്രെഡ്ഡിങ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി - മെഷീൻ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ഉപകരണങ്ങൾ വാങ്ങി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല, ചെലവ് തുക പാഴായി

ഫയൽ നമ്പർ - H2-8536/20

പ്രോജക്റ്റ് നമ്പർ - 90/2021

അടങ്കൽ തുക – 1004372 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 418824, കേന്ദ്ര ഫണ്ട് - 351530, ശുചിത്വ മിഷൻ ഫണ്ട് – 234018)

ചെലവ് തുക - 413330 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ബിൽ നമ്പർ - 390012/27.3.21

മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭാഗമായി ഹെൽത്ത് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണിത്. കെ. എസ്. ഐ. ഇ എന്ന സ്ഥാപനത്തിൽ നിന്ന് മാലിന്യ സംസ്കരണത്തിനുള്ള ഉപകരണങ്ങളായ പ്ലാസ്റ്റിക് ഷ്രെഡ്ഡിങ് മെഷീൻ, ഹൈഡ്രോളിക് വെയിറ്റിംഗ് മെഷീൻ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ പദ്ധതി നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഈ പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഉപകരണങ്ങൾ | വില | റിമാർക്സ് |
|---|---|---|
| പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ | 501500 | Invoice No.CLTBC.183/23.11.20 പ്രകാരം ലഭ്യമായി. ഇൻസ്റ്റാൾ ചെയ്യാതെ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിരിക്കുന്നു. |
| ഹൈഡ്രോളിക് മെഷീൻ | 439700 | |

| | | |
|---|---|---|
| ആകെ | 991200 | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുകൾ വാങ്ങി ഉപയോഗിക്കാതെ സൂക്ഷിക്കുന്നു.

ഇവ സ്ഥാപിക്കുന്നതിന് കണ്ടാല മലയിൽ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിലേക്ക് നിലവിൽ റോഡ് സൗകര്യം ഒരുക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല. നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. റോഡ് സൗകര്യങ്ങളും വൈദ്യുതി കണക്ഷനും ഒരുക്കിയാൽ മാത്രമേ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനും പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജനം എന്ന് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനും സാധിക്കുകയുള്ളൂ. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ഹൈഡ്രോളിക് മെഷീൻ എന്നിവ സപ്ലൈ ചെയ്ത വകയിൽ 991200 രൂപയുടെ ബിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. ആയത് അനുവദിക്കുന്നതിന് 2020-21 വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 413330 രൂപ ചെലവഴിച്ചിട്ടുണ്ട്. കൗൺസിലിന്റെ 27.10.20 ലെ 1/3 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3.11.20 ലെ എച്ച്-2/8536/20 നമ്പർ വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ഹൈഡ്രോളിക് വെയിറ്റിംഗ് മെഷീൻ എന്നിവ 24.11.20 ന് സപ്ലൈ ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾ ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഗ്യാരണ്ടി കാലാവധി കഴിഞ്ഞിട്ടും അത് ഇൻസ്റ്റാൾ ചെയ്തിട്ടില്ല. ഇവ തുരുമ്പെടുത്ത് നശിക്കുന്ന രീതിയിൽ ഉപയോഗിക്കാതെ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചതായി കാണുന്നു. കേടാവുന്ന അവസ്ഥയിലാണ് ഇവ സ്ഥിതിചെയ്യുന്നത്. വൈദ്യുതി കണക്ഷൻ നൽകുന്നതിനായി വയറിങ് ജോലികൾ പൂർത്തീകരിക്കുന്നതിന് ഫയൽ എൻജിനീയറിങ് വിഭാഗത്തിലേക്ക് 20.2.21 ന് മാത്രമാണ് കൈമാറിയിട്ടുള്ളത്. 25.2.21 ന് കണ്ടാല മലയിൽ പുതുതായി പണികഴിപ്പിച്ച എം. സി. എഫ് സെൻറർ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനും ഹൈഡ്രോളിക് മെഷീനും സ്ഥാപിക്കുന്നതിന് വയറിങ് ജോലികൾ പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി അസിസ്റ്റൻറ് എൻജിനീയർ കോഴിക്കോട് ഇലക്ട്രിക്കൽ സെക്ഷന് കത്ത് നൽകിയ വിവരം ഫയലിൽ ഉണ്ട്. യാതൊരു പ്ലാനിങ്ങും ഇല്ലാതെ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഒരുക്കാതെ ആദ്യം തന്നെ ഉപകരണങ്ങൾ വാങ്ങി വെക്കുക വഴി പദ്ധതി പണം പാഴാകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. മാലിന്യ സംസ്കരണം എന്ന പദ്ധതിയുടെ ലക്ഷ്യം പൂർത്തിയായിട്ടും ഇല്ല. എം. സി. എഫ് കെട്ടിടത്തിലേക്ക് ആവശ്യമായ റോഡ് സൗകര്യങ്ങൾ ഒരുക്കി വൈദ്യുതി ലഭ്യമാക്കിയതിനു ശേഷം മാത്രമായിരുന്നു ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത് .

2) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതെ

ആണ് സാധനം വാങ്ങിയിട്ടുള്ളത്.

3) പദ്ധതി പ്രകാരം സാധനങ്ങൾ സമാഹരിച്ചതിലും അപാകത ഉള്ളതായി കാണുന്നു. ടെണ്ടർ നടപടികളിലൂടെ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 26.8.2020 ലെ കൗൺസിൽ തീരുമാനം 1/1 പ്രകാരം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സിഡ്കോയിൽ നിന്നും വാങ്ങണം എന്ന തീരുമാനമെടുത്തിട്ടുണ്ട്. പ്രോക്യൂർമെന്റ് കമ്മിറ്റി 22.10.21 ന് ചേർന്ന യോഗത്തിൽ സർക്കാർ സ്ഥാപനമായ KSIE യുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്ന പദ്ധതിയിൽ കൗൺസിൽ തീരുമാനത്തിലും കമ്മിറ്റി തീരുമാനത്തിലും പദ്ധതി നിർദ്ദേശങ്ങളിലുമുള്ള വൈരുദ്ധ്യത്തിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 7/2020-21 തിയ്യതി 17.12.21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 21.12.21 ന് സ്ഥല പരിശോധന നടത്തിയതിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ഹൈഡ്രോളിക് വെയിറ്റിംഗ് മെഷീൻ എന്നിവ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചതായി കണ്ടു. അത് ഉപയോഗിക്കാത്തതിനാൽ തുരുമ്പെടുക്കുന്ന അവസ്ഥയിലാണ്. ഇത് സ്ഥാപിക്കുന്നതിനായി കണ്ടാലമലയിൽ നിർമ്മിച്ച കെട്ടിടം വാതിലുകൾ തകർത്ത രീതിയിലാണുള്ളത്. ഷീറ്റ് മേൽക്കൂര ഒരു ഭാഗം - (ഓഫീസ് മുറിയുടെ ഭാഗം) നശിച്ചിരിക്കുന്നു. വാങ്ങിയ ഉപകരണം സ്ഥാപിക്കാനുള്ള സൗകര്യം ആ കെട്ടിടത്തിൽ ഇല്ല. കൂടാതെ ഈ കെട്ടിടത്തിൽ വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല. ഈ കെട്ടിടത്തിൽ സാമൂഹ്യവിരുദ്ധർ താവളമാക്കിയതിന്റെ ലക്ഷണങ്ങൾ കാണുന്നു. അവിടേയ്ക്കുള്ള റോഡ് പണി പൂർത്തിയായിട്ടില്ല. നിലവിൽ കെട്ടിടവും പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ഹൈഡ്രോളിക് വെയിംഗ് മെഷീൻ എന്നിവയും നിഷ്ക്രിയ ആസ്തിയായി തുടരുന്നു. ഇതിനായി 2020-21 വർഷത്തിൽ ചെലവഴിച്ച 4,13,330 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഉപയോഗിക്കാതെ കമ്മ്യൂണിറ്റി ഹാളിൽ വച്ചിരിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിങ് മെഷീനും, ഹൈഡ്രോളിക് വെയിംഗ് മെഷീനും











1-28 ഒരേ തരം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 ൽ രൂപീകരിച്ചതും, 2020-21

വർഷത്തിൽ നിർവ്വഹണം ചെയ്തതുമായ രണ്ടു കുടിവെള്ള പദ്ധതികളാണ് പുളിരിക്കുംകണ്ടി കുടിവെള്ള പദ്ധതിയും, വരുംകാല എസ്. സി. കോളനി കുടിവെള്ള പദ്ധതിയും. ഈ രണ്ടു പ്രോജക്ടിലും പി.വി.സി. പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ രണ്ട് പ്രോജക്ടുകളുടെയും എസ്റ്റിമേറ്റിൽ ഇതിനായി ഉൾപ്പെടുത്തിയത് വ്യത്യസ്ത ഇന (ഐറ്റം) ങ്ങളാണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പുളിരിക്കുംകണ്ടി കുടിവെള്ള പദ്ധതി | വരുംകാല എസ്. സി. കോളനി കുടിവെള്ള പദ്ധതി |
|---|---|
| Od276127/2019-2020<br>@382.89/cum | 2.10.1.1<br>@ 180.93/metre |

ആദ്യ പദ്ധതിയിൽ ഒരു ക്യൂബിക് മീറ്റർ മണ്ണ് കുഴിച്ചെടുക്കുന്നതിനുള്ള നിരക്കാണ് കണക്കാക്കിയത്. രണ്ടാമത്തെ പദ്ധതിയിൽ ഒരു മീറ്റർ പൈപ്പ് ഇടുന്നതിന് നിരക്ക് കണക്കാക്കിയെങ്കിലും, കുഴിച്ച ട്രഞ്ചിന്റെ നീളവും, വീതിയും, ആഴവും ഉൾപ്പെടുത്തി അളവുകൾ രേഖപ്പെടുത്തുകയും, കുഴിച്ചെടുത്ത മണ്ണിന്റെ അളവ് ക്യൂബിക് മീറ്ററിൽ കണക്കാക്കി മീറ്ററിന് ബാധകമായ നിരക്കിൽ തുക നൽകുകയും ചെയ്തിരിക്കുന്നു.

2018-19 വർഷത്തിൽ രൂപീകരിച്ച് 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ മറ്റൊരു പ്രവൃത്തിയായ ചോലയിൽ കുടിവെള്ള പദ്ധതിയിൽ ഇതേ പ്രവൃത്തിയ്ക്കായി ഉൾപ്പെടുത്തിയത് മറ്റൊരിനമാണ് (Od201574/2018-2019). മേൽ രണ്ടു പ്രവൃത്തിയിൽ നിന്നും വ്യത്യസ്തമായി പൈപ്പ് ലൈൻ ഇട്ടതിന്റെ ആകെ നീളം കണക്കാക്കി ഒരു മീറ്ററിന് ബാധകമായ നിരക്ക് കണക്കാക്കി തുക നൽകി. ഇപ്രകാരം കണക്കാക്കിയതിനാൽ വൻതുക ഈയിനത്തിന് നൽകേണ്ടി വന്നിട്ടുണ്ട്. DAR ലെ ഐറ്റം 2.10.1.1 ന്റെ മോഡിഫൈഡ് ഡാറ്റയാണിത്. ഈ ഡാറ്റാ പരിശോധിച്ചാൽ ശരാശരി 0.45 Cm വീതിയിലും 1.05 M ആഴത്തിലും കുഴിയെടുത്ത് പൈപ്പിടുന്നതിന് വേണ്ടി വരുന്ന നിരക്കാണിതെന്ന് കാണാം. നഗരസഭയിൽ നടപ്പാക്കിയ പട്ടികയിൽ കൊടുത്ത കുടിവെള്ള പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ശരാശരി 30 Cm വീതിയിലും 40 Cm ആഴത്തിലും മാത്രമാണ് പൈപ്പിടുന്നതിന് കുഴിക്കേണ്ടി വന്നിട്ടുള്ളൂ. അതുകൊണ്ടു തന്നെ ചോലയിൽ കുടിവെള്ള പദ്ധതിയ്ക്ക് ഈ ഐറ്റം നൽകിയതുമൂലം 1,84,974/- രൂപയുടെ അധിക ചെലവ് ഉണ്ടായതായി കാണുന്നു.

| നൽകിയ തുക (മീറ്റർ അടിസ്ഥാനത്തിൽ)<br>കോസ്റ്റ് ഇൻഡക്സ് 37.25% | കുഴിച്ചെടുക്കുന്ന മണ്ണിന്റെ അടിസ്ഥാനത്തിൽ തുക കണക്കാക്കിയിരുന്നെങ്കിൽ നൽകേണ്ട തുക (കോസ്റ്റ് ഇൻഡക്സ് 37.25%, പുളിരിക്കംകണ്ടി പദ്ധതിയ്ക്ക് നൽകിയ നിരക്കിൽ) |
|---|---|

| | |
|---|---|
| ആകെ നീളം – 1308.6M<br>നിരക്ക് – 189.47<br>നൽകിയ തുക – 247940/- | ആകെ നീളം – 1308.6 M<br>ശരാശരി വീതി, ആഴം – 30 Cm, 40 Cm<br>കുഴിച്ചെടുക്കുന്ന മണ്ണിന്റെ അളവ് – 157.032 M3<br>നിരക്ക് – 400.98<br>നൽകേണ്ട തുക – 62,966.69/- |
| അധികം നൽകേണ്ടി വന്നത് – 1,84,974/- | |

മുകളിൽ വിവരിച്ച വിധം ഒരേ തരം പ്രവൃത്തിയ്ക്ക് വ്യത്യസ്തയിനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. ഒരേ തരം പ്രവൃത്തികൾക്ക് വ്യത്യസ്ത രീതിയിൽ അളവു കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും അധിക ചെലവിനും വിശദീകണം നൽകേണ്ടതാണ്. 1,84,974/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-29 ഐ.കെ.എം സാങ്കേതികസഹായ വിഹിതം നൽകൽ – ലക്ഷ്യ പൂർത്തീകരണം ഉറപ്പാക്കാൻ സാധിക്കുന്നില്ല

തദ്ദേശ സ്ഥാപനങ്ങൾ അവയ്ക്കു ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% നിർബന്ധമായും ഐ. കെ. എം. ന്റെ പ്രവർത്തനത്തിനു വേണ്ടി മാറ്റി വയ്ക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി സ.ഉ(സാധാ) നം. 1228/2016 /ത.സ്വ.ഭ.വ പ്രകാരം 08.03.2016 തീയതിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ താഴെകാണിച്ച പ്രകാരം 2019-20, 20-21 വർഷങ്ങളിൽ ഐ. കെ. എം. വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം തുക ഐ. കെ. എം. നു അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|---|
| 2019-20 | 13/19-20 | 120090 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |
| 2020-21 | 9/20-21 | 126328 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |

നഗരസഭയിലെ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ചുമതല ഐ. കെ. എം. ആണ് ഏറ്റെടുത്തത്. നഗരസഭയ്ക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിൽ ഐ. കെ. എം. വീഴ്ച വരുത്തിയിട്ടുണ്. ULCC യുടെ സഹകരണത്തോടെ ജി. ഐ. എസ് മാപ്പിംഗ് ഐ. കെ. എം സൂപ്പർവിഷനിൽ ആയിരുന്നു നടത്തേണ്ടിയിരുന്നത്. എന്നാൽ ഇതിന് ഐ. കെ. എം സഹകരണം ഉണ്ടായിരുന്നില്ല. ഐ. കെ. എം സേവനം ആവശ്യപ്പെട്ടുകൊണ്ട് ഐ. കെ. എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല. ഐ.

കെ. എം. ഉണ്ടാക്കി വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളുമായി സംയോജനം നടത്താതെയാണ് മേൽപ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത്. IKM നഗര സഭയ്ക്ക് നൽകുന്ന സേവനങ്ങളുടെ ഉദ്ദേശ്യവും നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു.

| സോഫ്റ്റ്‌വെയറിന്റെ പേര് | ഉദ്ദേശ്യം | നിലവിലെ അവസ്ഥ |
|---|---|---|
| സാംഖ്യ | ഡബിൾ എൻട്രി അക്കൗണ്ട് കീപ്പിംഗ് | സാംഖ്യയുമായി ബജറ്റ് ലിങ്ക് ആയിട്ടില്ല. സെർവർലോക്കൽ ആണ്, വെബ് ആയിട്ടില്ല. ആവശ്യമായത്ര ഹെഡുകൾ ഇല്ല. നിലവിൽ അറുപതോളം ഇനം എൻട്രികൾ Others എന്ന ഹെഡിലാണ് ചേർക്കുന്നത്. ഡിമാന്റ് നിശ്ചയിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും ചെലവുകൾ അനുമതി വിധേയമാണോ എന്ന് പരിശോധിക്കുന്നതിനും കഴിയുന്നില്ല |
| സുലേഖ | വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ നിരീക്ഷിക്കുന്നതിന് | ബജറ്റ് അനുമതി, പൊതുകണക്കുകൾ എന്നിവയുമായുള്ള സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ല. |
| സേവന | ജനന മരണ വിവാഹ രജിസ്ട്രേഷൻ | സേവന പെൻഷനുമായി സംയോജിച്ചിട്ടില്ല. ഓൺ ലൈൻ ആയിട്ടില്ല. ലോക്കലി എന്റർ ചെയ്യുന്ന |

| | | |
|---|---|---|
| സേവന (പെൻഷൻ) | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം | സേവന ജനന മരണ സോഫ്റ്റ് വെയറുമായി സംയോജിച്ചിട്ടില്ല. മരണ ശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കപ്പെടുന്നുണ്ട്. |
| സുരേഖ | ആസ്തി റജിറ്റർ | ആസ്തികളുടെ ഡിജിറ്റലൈസേഷൻ നഗര സഭയിൽ ചെയ്യുന്നില്ല. നഗര സഭ ആയതിനുശേഷമുള്ള ആസ്തികൾ സോഫ്റ്റ് വെയറുകളിലേക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ലാത്തത് ഗുരുതര വീഴ്ചയാണ്. |
| സഞ്ചയ (വസ്തു നികുതി) | വസ്തു നികുതി ഓൺലൈനാക്കൽ | റിപ്പോർട്ടുകൾ കൃത്യമായി ലഭിക്കുന്നില്ല. പുതിയ ഡിമാന്റുകളും കുടിശ്ശികയും സെസ്സുകളും മറ്റും നിർണ്ണയിക്കാൻ വ്യവസ്ഥയില്ല. ഓരോ ദിവസവും വ്യത്യസ്ത റിപ്പോർട്ടുകൾ ലഭിയ്ക്കുന്നു. UAC കെട്ടിടങ്ങൾ സഞ്ചയയിൽ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. |
| സഞ്ചയ (തൊഴിൽ നികുതി) | തൊഴിൽ നികുതി ഓൺലൈനാക്കൽ | ഡേറ്റാബേസ് അപൂർണ്ണം. ഓൺ ലൈനായി നികുതി സ്വീകരിക്കാനും കഴിയുന്നില്ല. |
| സഞ്ചയ (ലൈസൻസുകൾ) | ലൈസൻസുകൾ ഓൺലൈനാക്കൽ | ഓൺലൈനായി അപേക്ഷ സ്വീക രിക്കാനും പുതുക്കാനും റദ്ദ ചെയ്യാനും തുടർ നടപടി സ്വീകരിക്കാനും പൂർണ്ണമായി കഴിയുന്നില്ല |
| സഞ്ചയ (റെന്റ് ഓൺ ലാന്റ് ആന്റ് ബിൽഡിംഗ്) | --- | വിവരം ലഭ്യമല്ല |
| സ്ഥാപന | ജീവനക്കാരുടെ | സാംഖ്യയുമായി |

| | | |
|---|---|---|
| | ശമ്പളം നൽകൽ | സംയോജിപ്പിച്ചിട്ടില്ല. സോഫ്റ്റ് വെയർ കാര്യക്ഷമമല്ല. എൻ. പി. എസ് കുടിശ്ശിക തുക അടയ്ക്കാൻ സാധിക്കുന്നില്ല. പേ ചെയ്ത ബില്ലുകൾ വീണ്ടും പ്രോസസ് ചെയ്യാൻ സാധിക്കുന്നു. ഹെഡ് ഒഫ് ഓഫീസിന്റെ അപ്രൂവൽ ആവശ്യ മില്ല |
| സത്വരം | പരാതി പരിഹാര സംവിധാനം | നിർദ്ദിഷ്ട രീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല |
| സൂചിക | ഫയൽ ട്രാക്കി ങ്ങ് സംവിധാനം | നിർദ്ദിഷ്ട രീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല |
| സകർമ്മ | കൗൺസിൽ മിനിട്സ് തയ്യാറാക്കൽ | ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട് |
| സംവേദിത | വെബ്സൈറ്റ് | വിവരം ലഭ്യമല്ല |

പ്രസ്തുത സേവനങ്ങളിൽ പൂർണ്ണമായി ഓൺലൈൻ ആക്കപ്പെട്ട സംവിധാനങ്ങൾ പൂർണ്ണമായിട്ടില്ലാത്തതിനാൽ ഐ. കെ. എം - ൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ അപര്യാപ്തമാണെന്ന് വ്യക്തമാകുന്നു. ഐ. കെ. എം ആയി ബന്ധപ്പെട്ട് അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷവും നൽകുന്ന തുകയ്ക്ക് ഐ. കെ. എം. വിനിയോഗസാക്ഷ്യപത്രം നൽകുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാത്ത സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയില്ലാതെ വാങ്ങി

2020-21 വർഷത്തിൽ 9,10,000/- രൂപ തനതുഫണ്ട് അടങ്കലിൽ രൂപീകരിച്ചതാണ് ഈ പ്രോജക്ട് (നം.412/21). നഗരസഭയുടെ ഏഴ് വ്യത്യസ്തയിടങ്ങളിൽ നിർദ്ദിഷ്ട രീതിയിലുള്ള ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ളതാണ് ഈ പദ്ധതി. ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ വിശദാംശങ്ങൾ പരിശോധിച്ചാൽ, വാങ്ങൽ നടപടികളെ സംബന്ധിച്ച് പരാമർശിക്കുന്നയിടത്തിൽ (ക്രമ നം.33) സാധനം/സേവനം സമാഹരിക്കുന്നതിനുള്ള നടപടികൾ (ആരിൽ നിന്ന് ? , എങ്ങനെ ? ), സ്പെസിഫിക്കേഷൻ തുടങ്ങിയ വിവരങ്ങളൊന്നും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കാണാം. 26.8.20 – ലെ കൗൺസിൽ തീരുമാനം 1/1 പ്രകാരം ലോമാസ്റ്റ് ഗവ. ഏജൻസിയായി KSIE യിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. തുടർന്ന് 6.10.2020 ന് മുനിസിപ്പൽ എഞ്ചിനീയർ KSIE മാനേജർക്ക് ലോമാസ്റ്റ് സപ്ലൈ ചെയ്യാൻ സ്ഥാപനത്തെ തെരെഞ്ഞെടുത്ത വിവരം അറിയിക്കുകയും, പദ്ധതി എത്രയും വേഗം നിർവ്വഹിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

27.10.2020 ലെ കൗൺസിൽ യോഗത്തിൽ 21.10.20 ന് KSIE സമർപ്പിച്ച 1,30,000/- രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും, 2.11.20 ന് ലൈറ്റ് സ്ഥാപിക്കേണ്ട ഏഴിടങ്ങൾ സ്ഥാപനത്തെ അറിക്കുകയും, 6.11.20 ന് സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട് (കരാർ നം. 18/20-21). ലൈറ്റുകളുടെ സ്ഥാപനം പൂർത്തീകരിച്ചതായി 9.11.20 ന് KSIE അറിയിച്ചതിനെ തുടർന്ന് ബിൽ തുക 9,10,000/- (ബിൽ നം. 368/31.3.21) കൈമാറി. പദ്ധതിയുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് വ്യക്തതയില്ല.

- ടെണ്ടർ നടപടികൾ കൂടാതെ ലോമാസ്റ്റ് ലൈറ്റുകൾ KSIE യിൽ നിന്നും വാങ്ങാനുള്ള കാരണം. KSIE യ്ക്ക് സപ്ലൈ ചെയ്യാൻ അനുവാദം നൽകികൊണ്ടുള്ള സർക്കാർ ഉത്തരവിൽ ലോമാസ്റ്റ് ലൈറ്റുകൾ

ഉൾപ്പെട്ടിട്ടില്ല. ഈ തരം ലൈറ്റുകൾ വിതരണം ചെയ്യാൻ മേൽ സ്ഥാപനത്തിന് അനുമതിയില്ലാത്ത സാഹചര്യത്തിൽ ടെണ്ടർ നടപടിയിലൂടെയല്ലാതെ വാങ്ങൽ നടത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

. KSIE നഗരസഭയ്ക്ക് നൽകിയ ക്വട്ടേഷനിൽ മൂന്ന വർഷ വാറണ്ടിയാണ് സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ളത്. എന്നാൽ എഞ്ചിനീയറുമായി ചമച്ച കരാറിൽ ഒരു വർഷ ഗാറണ്ടി സംബന്ധിച്ച വിവരമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ വൈരുദ്ധ്യവും വ്യക്തമല്ല.

ഇക്കാര്യങ്ങളിൽ വ്യക്തത വരുത്താനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ വാങ്ങലിനായി ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു. മേൽ വിവരങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-31 വരുംകാല എസ്.സി.കോളനി കുടിവെള്ള പദ്ധതി - നാളിതുവരെ പൂർത്തീകരിച്ചില്ല

2019-20 വർഷത്തിൽ പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി 7,75,000/- രൂപ അടങ്കലിൽ (വികസനഫണ്ട് – എസ്.സി.പി. ) രൂപീകരിച്ചതാണ് ഈ പ്രോജക്ട് (നം.313/20). എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിൽ ശേഖരിച്ചു വച്ച 90 Mm പി.വി.സി. പൈപ്പ് ഇടുന്നതിനും, കുറഞ്ഞ അളവുകളിലുള്ള മറ്റു പി.വി.സി. പൈപ്പുകളുടെ ലെയിംഗും, പമ്പ് സെറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ, നിലവിലുള്ള ടാങ്കിന്റെ അറ്റകുറ്റപണി, പി.വി.സി. ടാങ്കുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് ഇതിലുൾപ്പെടുത്തിയത്. എസ്റ്റിമേറ്റിൽ 1,26,274/- രൂപ ലംസം തുകയായി മോട്ടോറിന് മാറ്റി വച്ചിട്ടുണ്ട്. ഇ-ടെണ്ടർ നടത്തി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഹാഫിസ്. എം. എ. എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. 27.5.20ൽ നമ്പർ 11/20-21 പ്രകാരം കരാർ ചമച്ചു.

അളവു പുസ്തകം 17/20-21 പരിശോധിച്ചാൽ 27.1.21 ന് മാത്രമാണ് പ്രവൃത്തി ആരംഭിച്ചതെന്ന് കാണാം. പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി കരാറുകാരൻ 23.12.20 ന് മുനിസിപ്പൽ എഞ്ചിനീയർക്ക് ഒരപേക്ഷ നൽകിയതായി ഫയലിൽ കാണുന്നു. ഈ അപേക്ഷയിൽ കരാറുകാരൻ വിവരിക്കുന്നത്, എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത 300 മീറ്ററിനു മുകളിൽ കോൺക്രീറ്റ് റോഡ് കട്ട് ചെയ്യാനുണ്ടെന്നും, സ്ഥലത്തിന്റെ ഘടനയ്ക്കനുസരിച്ച് പൈപ്പിന്റെ കനത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നുമാണ്. കൂടാതെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പൈപ്പിന്റെ നീളത്തിൽ പ്രവൃത്തി നടത്തിയാൽ പദ്ധതിയിൽപെട്ട മുഴുവൻ വീടുകൾക്കും വെള്ളം ലഭ്യമാക്കാൻ സാധിക്കുകയില്ലെന്നും അതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇക്കാര്യങ്ങൾ പരിഗണിച്ച് എസ്റ്റിമേറ്റ് പുതുക്കാൻ വാർഡ് കൗൺസിലർ ശുപാർശ ചെയ്യുകയും, 16.1.21 ലെ 2/1 കൗൺസിൽ തീരുമാന പ്രകാരം എസ്റ്റിമേറ്റ്

പുതുക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തി. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന കാര്യങ്ങളിൽ വ്യക്തത കുറവ് നിലനിൽക്കുന്നു,

- കരാർ ചമച്ച് എട്ട് മാസത്തോളം പ്രവൃത്തി ആരംഭിക്കാതിരുന്നതിന്റെ കാരണം ഫയലിൽ വ്യക്തമല്ല. ഈ കാലയളവിൽ പ്രവൃത്തി ആരംഭിക്കാതിരുന്നതിന് കരാറുകാരനോട് വിശദീകരണം ആരായുകയോ, നടപടിയെടുക്കുകയോ ചെയ്തിട്ടില്ല.
- എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്ന പ്രകാരം 90 Mm പി.വി.സി. പൈപ്പുകൾ ഏതു പ്രോജക്റ്റ് പ്രകാരം വാങ്ങിയവയാണെന്നത് വ്യക്തമല്ല. അളവു പുസ്തക പ്രകാരം 596 മീറ്റർ നീളത്തിൽ ഈ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്.
- ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും, യഥാർത്ഥത്തിൽ സ്ഥാപിച്ചതുമായ വിവിധ അളവിലുള്ള പൈപ്പുകളുടെ വിശദാംശവും, ആയതിന്റെ നിരക്കും, സ്ഥാപിച്ച നീളവും താഴെ ചേർക്കും പ്രകാരമാണ്.

| | ആദ്യ എസ്റ്റിമേറ്റ് | | | പുതുക്കിയ എസ്റ്റിമേറ്റ്/യഥാർത്ഥത്തിൽ ചെയ്തത് | | |
|---|---|---|---|---|---|---|
| | ഐറ്റം | നിരക്ക് | അളവ്/നീളം | ഐറ്റം | നിരക്ക് | അളവ്/നീളം |
| 1 | 50.18.8.7.1 63mm 6Kgf/cm$^2$ | 460.93 | 500 M | Od1009618/ 2020-2021 63 Mm 10Kgf/cm$^2$ | 253.07 | 678.5 M |
| 2 | 50.18.9.6.1 50mm 10Kgf/cm$^2$ | 224.52 | 545 M | Od1136288/ 2020-2021 50mm 10Kgf/cm$^2$ | 169.05 | 601.5 M |
| 3 | 50.18.8.4.1 32mm 10Kgf/cm$^2$ | 327.57 | 104 M | Od1136292/ 2020-2021 32mm 10Kgf/cm$^2$ | 109.72 | 84.4 M |
| 4 | 50.18.8.3.2 25mm 10Kgf/cm$^2$ | 301.93 | 100 M | Od1136293/ 2020-2021 25mm | 87.01 | 429 M |

| | | | | | | |
|---|---|---|---|---|---|---|
| | | | | 10Kgf/cm$^2$ | | |

മേൽ പട്ടിക പരിശോധിച്ചാൽ ഒരോ അളവിലുള്ള പൈപ്പുകളുടെ (ക്രമ നം 3 ഒഴികെ) നീളത്തിൽ വൻ വർധനയുണ്ടായതായി കാണുന്നു. എന്നാൽ ഈയിനങ്ങളുടെയെല്ലാം നിരക്ക് വളരെയധികം കുറഞ്ഞിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിൽ പ്രൈസിൽ ലഭ്യമായ ഡാറ്റകൾ ഉൾപ്പെടുത്തുകയും, പിന്നീട് എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ഒബ്സേർവ്ഡ് ഡാറ്റയുണ്ടാക്കി ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും വ്യക്തമല്ല.

- 2021 മാർച്ച് മാസം വരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ അളവെടുത്ത് 5,14,631/- രൂപയുടെ ആദ്യ പാർട്ട് ബിൽ കരാറുകാരന് നൽകിയിട്ടുണ്ട്. ബാക്കി തുക അടങ്കലിൽ ഈ പ്രോജക്ട് 2021-22 വർഷത്തേയ്ക്ക് സ്പിൽഓവർ ആക്കി. മുനിസിപ്പൽ എഞ്ചിനീയർ 20.9.21 ന് കരാറുകാരന് നൽകിയ നോട്ടീസിൽ (നം. EST/AE/Tender/2021) പല തവണ ആവശ്യപ്പെട്ടിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. സ്പിൽ ഓവർ പ്രവൃത്തികൾ വർഷാരംഭം മുതൽ തന്നെ നടപ്പാക്കാമായിരുന്നിട്ടും, പ്രവൃത്തി തുടരാത്തതിന്/പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെടാൻ ആറ് മാസത്തോളം കാത്തിരുന്നതെന്തെന്ന് വ്യക്തമല്ല. നിലവിൽ ഈ പ്രവൃത്തിയുടെ സ്ഥിതി എന്താണെന്നത് സംബന്ധിച്ച വിവരവും ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. കരാർ ചമച്ച് കരാറുകാരെ ഏൽപ്പിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടോയെന്നും, പ്രവൃത്തിയുടെ പൂർത്തീകരണവും ഒരു സംവിധാനവും പരിശോധിക്കുന്നില്ല/മോണിറ്റർ ചെയ്യുന്നില്ലയെന്നതിന്റെ ഉത്തമ ഉദാഹരണമാണിത്. മുൻവർഷത്തിൽ നിർവ്വഹിച്ച ഏതോ പദ്ധതിയുടെ ബാക്കി പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ നടന്നതെന്ന് ഓഡിറ്റ് അനുമാനിക്കുന്നു. ആദ്യ പദ്ധതിയിൽ ബാക്കി വന്ന/വാങ്ങിയ പൈപ്പുകളാവാം ഈ പ്രവൃത്തിയ്ക്കായി ഉപയോഗപ്പെടുത്തിയത്. ആദ്യ പദ്ധതിയുടെ വിശദാംശം ലഭ്യമല്ലാത്തതിനാൽ പൈപ്പിന്റെ അളവു വിവരത്തിന്റെ കൃത്യത ഉറപ്പാക്കായിട്ടില്ല. എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ഓരോയിനം പ്രവൃത്തിയ്ക്കും കുറഞ്ഞ നിരക്ക് ഉൾപ്പെടുത്തിയതും, ഈ പുതുക്കിയ എസ്റ്റിമേറ്റിലെ നിരക്കിൽ കരാറുകാരന് പ്രവൃത്തി ചെയ്യാൻ സാധിച്ചതും ഈ പ്രവൃത്തികൾയ്ക്കായി ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിലെ നിരക്കുകൾ പെരുപ്പിച്ച് തയ്യാറാക്കിയതാണെന്നതിന് തെളിവാണ്. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 40(b) നിഷ്കർഷിക്കുന്ന ഫിനാൻഷ്യൽ പ്രൊപ്രൈറ്റി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ പാലിച്ചില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. എസ്റ്റിമേറ്റ് പെരുപ്പിച്ച നിരക്കിൽ തയ്യാറാക്കിയതും, പദ്ധതി നിലവിലും പൂർത്തീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഖണ്ഡികയിൽ പരാമർശിച്ച ആദ്യ പദ്ധതി സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യ ബില്ലിൽ നിന്നും പിടിച്ച വച്ചിട്ടുള്ള റീടെൻഷൻ തുക നഗരസഭ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടി

കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-32 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിലും മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിലെയും അപാകതകൾ

1) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ പാസാക്കുന്നതിൽ കാലതാമസം –

നഗരസഭയിലെ വിവിധ ക്ഷേമപെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൽ ചില അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. പെൻഷനുള്ള അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് നൽകുന്നതിലും അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിക്കുന്നതിലും ഇവയിൽ തീരുമാനമെടുക്കുന്നതിലും കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|
| ശ്രീമതി. കദീജ | വിധവ പെൻഷൻ | 06.07.2019 | 17.2.20 |
| ശ്രീമതി.ഷമീന | | 07.09.2019 | 25.6.20 |
| ശ്രീ. ഇബ്രാഹിം | കർഷകത്തൊഴിലാളി പെൻഷൻ | 13.06.2019 | 14.10.2019 |
| ശ്രീമതി.പ്രകാശിനി | | 25.06.2019 | 21.11.19 |
| ശ്രീ. അൻവർ | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 10.10.2019 | 17.07.2020 |
| ശ്രീ.ഉനൈസ്.ഇ.കെ | | 2.11.2019 | 17.07.2020 |

| | | | |
|---|---|---|---|
| ശ്രീമതി. സരോജിനി | വാർദ്ധക്യകാല പെൻഷൻ | 28.10.2019 | 17.07.20 |
| ശ്രീ. മാധവൻ.കെ | | 23.10.2019 | 17.07.20 |
| ശ്രീമതി.കദീജ | അവിവാഹിത പെൻഷൻ | 23.12.19 | 20.08.20 |
| ശ്രീമതി.സുബൈദ | | 06.08.19 | 20.08.20 |

2) പെൻഷൻ അപേക്ഷകളിൽ തീരുമാനം എടുക്കുന്നില്ല.

പെൻഷൻ റജിസ്റ്റർ പരിശോധിച്ചതിൽ ചില പെൻഷൻ അപേക്ഷകളിൽ യാതൊരു തീരുമാനവും എടുത്തതായികാണുന്നില്ല.ചില ഉദാഹരണങ്ങൾ

| അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി |
|---|---|---|
| ശ്രീമതി. ബിജി | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 22.06.20 |
| ശ്രീ.മുഹമ്മദ് അഷ്റഫ് | | 24.06.20 |
| ശ്രീ.ഫാദി ദാനിഷ് | | 27.7.20 |
| ശ്രീ.മുഹമ്മദ് റാഷിദ് | | 22.8.19 |
| ശ്രീ.മുഹമ്മദ് ഷാൻ | | 23.12.19 |
| ശ്രീ.ഇബ്രാഹീം | വാർദ്ധക്യകാല പെൻഷൻ | 11.5.20 |
| ശ്രീ. ഉമ്മർ | | 20.3.20 |
| ശ്രീ. കോയട്ടി | | 12.5.20 |
| ശ്രീ. കരിം | | 25.6.20 |

| | | |
|---|---|---|
| | | |
| ശ്രീ. മുഹമ്മദ് | | 25.6.20 |
| ശ്രീമതി. മറിയം | | 19.8.20 |
| ശ്രീമതി. കദീസ | | 19.8.20 |
| ശ്രീമതി.പാത്തുമ്മ | | 20.8.20 |
| ശ്രീമതി. ലീല | | 21.8.20 |

3) സാമൂഹ്യസുരക്ഷാപെൻഷൻ - മരണപ്പെടുന്ന ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നത്

നഗരസഭയിലെ പെൻഷൻ വിതരണ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ വിവിധ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ പെൻഷൻ വിതരണം നിർത്തിവയ്ക്കുന്ന നടപടിക്രമങ്ങളിൽ വീഴ്ചയുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച കൃത്യമായ ഒരു കണക്കോ രജിസ്റ്ററോ നഗരസഭ സൂക്ഷിക്കുന്നില്ല. നഗരസഭയിൽ മരണപ്പെടുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ നിരീക്ഷിക്കുന്നതിന് വ്യക്തമായ സംവിധാനങ്ങളില്ല. ആയതിനാൽ തന്നെ പല സാഹചര്യത്തിലും മരണപ്പെട്ടതിനുശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതായി കാണുന്നുണ്ട്. സേവന സോഫ്റ്റ് വെയറിൽ മരണവിവരം രേഖപ്പെടുത്തുന്ന സോഫ്റ്റ് വെയറും പെൻഷൻ സോഫ്റ്റ് വെയറും ലിങ്ക് ആക്കിയിട്ടില്ല. വിവിധ ഡിവിഷനുകളിലെ കൗൺസിലർമാർ വഴി അതതു വാർഡിലുണ്ടാകുന്ന മരണങ്ങളിൽ പെൻഷൻ വിതരണം നിർത്തൽ ചെയ്യുന്നതിന് സംവിധാനമൊരുക്കുന്നതിൽ വിവിധ സ്റ്റാന്റിങ്ങ് കമ്മറ്റികൾ ശ്രദ്ധ ചെലുത്തുന്നില്ല. നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ മരണ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോഴും മരണപ്പെട്ട ഗുണഭോക്താവിന്റെ കുടുംബത്തിലുള്ളവർ പെൻഷൻ നിർത്തലാക്കുന്നതിന് വേണ്ടി അപേക്ഷ നൽകുമ്പോഴും ആണ് ഗുണഭോക്താവിന് പെൻഷൻ നൽകുന്നത് നിർത്തി വെക്കുന്നത്. ഇങ്ങനെ അപേക്ഷ ലഭിയ്ക്കുമ്പോഴും പെൻഷൻ നൽകൽ നിർത്തിവയ്ക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 18.8.2021 ന് മരണപ്പെട്ട വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായ മുഹമ്മദ് വെള്ളറക്കുന്നുമ്മൽ (ID-110510200249) ന്റെ മകൻ ശ്രീ. അബ്ദുൾ റഷീദ് 20.10.21 ന് പെൻഷൻ നിർത്തൽ ചെയ്യുന്നതിനായി അപേക്ഷിച്ചിരുന്നെങ്കിലും പെൻഷൻ നിർത്തൽ ചെയ്തത് 17.12.21 നാണ്. 21.11.21 വരെ പെൻഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പല സാഹചര്യങ്ങളിലും മരണപ്പെട്ട ശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതായി വ്യക്തമാകുന്നുണ്ട് . ബാങ്കിൽ നിന്ന് മരണപ്പെട്ടവരുടെ ലിസ്റ്റ് പ്രകാരം അപേക്ഷ നൽകുമ്പോഴും പെൻഷൻ നൽകുന്നത് നിർത്തി വയ്ക്കുന്നില്ല. കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്ക് 2021 സെപ്തംബർ മാസത്തിലെ പെൻഷനുകളിൽ മരണപ്പെട്ടതിനാൽ റിട്ടേൺ ചെയ്ത 304 പേരുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. ഇവരിൽ പല ഗുണഭോക്താക്കളും 2020 മുതലേ പെൻഷൻ കൈപ്പറ്റുന്നില്ല. ഈ ഗുണഭോക്താക്കളുടെ മരണ വിവരം ഉറപ്പുവരുത്തി പെൻഷൻ

അനുവദിക്കുന്നത് നിർത്തൽ ചെയ്യാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. (ഉദാഹരണം ID - 112780500006, 110510200579)

സമൂഹത്തിലെ താഴെത്തട്ടിൽ ജീവിക്കുന്നവരുടെ വ്യക്തി ജീവിതം മുന്നോട്ടു നയിക്കാൻ സർക്കാർ നൽകുന്ന സഹായം അനുവദിച്ചു നൽകുന്നതിൽ കാലതാമസം വരുത്തുന്നതിനും മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നത് നിർത്തുക വഴി സർക്കാറിനുണ്ടാകുന്ന സാമ്പത്തികബാധ്യത കുറയ്ക്കുന്നതിന് സംവിധാനം ഒരുക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 22/20-21 തിയ്യതി 23.12.21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പാലിയേറ്റീവ് പരിചരണത്തിനായി നടപ്പിലാക്കിയ 14/20-21, 5/20-21 എന്നീ പദ്ധതികളിലായി മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ആവശ്യകതയ്ക്കനുസരിച്ച് തുക അടവാക്കിയിട്ടുണ്ട്. എന്നാൽ 18,942 രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 18,942 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-34 പോഷകാഹാര വിതരണം - കേന്ദ്രഫണ്ട് ലഭിക്കുന്നതിൽ കുറവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐസിഡിഎസ് സൂപ്പർവൈസർ

2020 – 21 വർഷത്തിൽ പോഷകാഹാര വിതരണത്തിൽ കേന്ദ്ര ഫണ്ട് വിനിയോഗം സംബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വനിതാ ശിശു വികസന ഡയറക്ടറുടെ 27.03.21ലെ ഐസിഡിഎസ് B3-6255/20 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള അനുപൂരക പോഷകാഹാര വിതരണ പദ്ധതിക്കായുള്ള ഫണ്ടിൽനിന്ന് കൊടുവള്ളി സി.ഡി.പി.ഓ/ഐസിഡിഎസ് KDLY/ 110/20-21 തീയതി 27.03.21 പ്രകാരം കൊടുവള്ളി നഗരസഭയ്ക്ക് 2,18,392 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ കൊടുവള്ളി നഗരസഭയുടെ SNP ഷെയറിനുള്ള

എ.സി.ആർ പരിശോധിച്ചതിൽ ഈ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

2) 2019-20 വർഷത്തിൽ അനുപൂരക പോഷകാഹാരം പദ്ധതിക്കായി 51/20-21 നമ്പർ പദ്ധതിപ്രകാരം കേന്ദ്രവിഹിതമായി വിനിയോഗിച്ചിട്ടുള്ളത് 2193186 രൂപയാണ്. എന്നാൽ കേന്ദ്ര വിഹിതമായി തൻവർഷം ലഭിച്ചിട്ടുള്ളത് 17,43,021/- രൂപയാണ്. ( എ.സി.ആർ പ്രകാരം മുൻ ബാക്കി 444439 രൂപ മൈനസ് ഫണ്ടാണ് കാണിക്കുന്നത്) വർഷാവസാനം ഈ അക്കൗണ്ടിൽ 1112998 രൂപ മൈനസ് ഫണ്ടാണ്. ഈ തുക ഏത് അക്കൗണ്ടിൽ നിന്നാണ് വിനിയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണ്. ആവശ്യമായ കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. അപാകത യ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/20-21/23.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. കേന്ദ്രവിഹിതമായി ലഭിയ്ക്കുന്നതിലും കൂടുതൽ തുക ചെലവഴിക്കുന്നത് ഏത് ഫണ്ടിൽ നിന്നാണെന്നും, തുക ക്രെഡിറ്റ് ആകാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതും പോഷകാഹാര വിതരണത്തിനായി ആവശ്യമായ കേന്ദ്രഫണ്ട് ലഭിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്. സി. വീട് റിപ്പയർ - ഗുണഭോക്താക്കൾക്ക് തെറ്റായി രണ്ട് തവണ തുക നൽകി.

പ്രോജക്ട് നമ്പർ - എസ് 0017/21

പ്രോജക്ട് - എസ്. സി. വീട് റിപ്പയർ

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 36,00,000/- രൂപ – (വികസന ഫണ്ട് - എസ്. സി. പി)

ചെലവ് - 29,50,000/- രൂപ

നഗരസഭാ പ്രദേശത്തെ വീട് റിപ്പയറിന് അർഹരായ എസ്. സി. ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട ഓവർസിയറുടെ വാല്വേഷൻ / സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ (25,000/- രൂപ വീതമുള്ള രണ്ട് ഗഡുക്കൾ) അനുവദിക്കുന്നതിനുള്ള പ്രോജക്ടാണ് ഇത്. ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഈ പ്രോജക്ട് പ്രകാരം 4 ഗുണഭോക്താക്കൾക്ക് തെറ്റായി രണ്ട് തവണ വീട് റിപ്പയറിനുള്ള രണ്ടാം ഗഡു അനുവദിച്ചതിനാൽ താഴെപ്പറയുന്ന പ്രകാരം അർഹമായതിലും കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബാങ്ക് | അക്കൗണ്ട് നമ്പർ | അർഹത പ്പെട്ടത് | അനുവ ദിച്ചത് | അധികം |
|---|---|---|---|---|---|---|
| 1 | ശ്രീമതി.കെ.രജനി | എസ്.ബി.ഐ | 67262284010 | 50,000 | 75,000 | 25,000 |
| 2 | ശ്രീമതി.മാധവി | എസ്.ബി.ഐ | 67222187513 | 50,000 | 75,000 | 25,000 |
| 3 | ശ്രീമതി.പി.ലീല | എസ്.ബി.ഐ | 31533318063 | 50,000 | 75,000 | 25,000 |
| 4 | ശ്രീമതി.പി.കെ. മാളു | എസ്.ബി.ഐ | 67258345172 | 50,000 | 75,000 | 25,000 |

ഈ ഗുണഭോക്താക്കൾക്ക് ബിൽ നമ്പർ 50/20-21 തീയതി 27.3.2021 പ്രകാരം രണ്ടാം ഗഡുവായി ആകെ 1,00,000/- രൂപ അനുവദിച്ചു. (ഒരാൾക്ക് 25,000/- രൂപ വീതം) ഇതേ ഗുണഭോക്താക്കൾക്ക് തെറ്റായി ബിൽ നമ്പർ 53/20-21 തീയതി 29.3.2021 പ്രകാരം വീണ്ടും 1,00,000/- രൂപ അനുവദിച്ചു. (ഒരാൾക്ക് 25,000/- രൂപ വീതം)

ഇപ്രകാരം തെറ്റായി അധികം നൽകിയ തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/2020-21 തീയതി 13.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം തെറ്റായി അധികം നൽകിയ 1,00,000/- രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ആയതിന് സാധിക്കാത്ത പക്ഷം അധികം നൽകിയ 1,00,000/- രൂപ നിർവഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 13.12.2021 | - |

## 4-2 സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിനുകൾക്ക് ടൈമർ സ്ഥാപിക്കൽ (322/21) | 300192 | -- | 300192 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ ഭവന പദ്ധതി ലോൺ | 2020-21 | 2665000 | 82830000 | 10453333 | 0 | 99026667 |

| | | | | | | |
|---|---|---|---|---|---|---|
| തിരിച്ചടവ് (HUDCO) | | | | | | |
| EMS ഭവന പദ്ധതി ലോൺ തിരിച്ചടവ് | 2020-21 | 0 | 2987764 | 200000 | 0 | 2787764 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 7172 | അസി.എഞ്ചിനീയർ | 12001010161, 19.05.2020 |
| ലഭ്യമല്ല | ലഭ്യമല്ല | 3390 | ശ്രീ.പ്രമോദ് | 120010100188, 19.05.2020 |
| ലഭ്യമല്ല | ലഭ്യമല്ല | 6931 | ശ്രീ. സി.എം. കമറുദ്ദീൻ | 120010100542, 29.05.2020 |
| ലഭ്യമല്ല | ലഭ്യമല്ല | 481 | ശ്രീ.അബ്ദുൽ റസാഖ് | 120010102227, 03.07.2020 |
| ലഭ്യമല്ല | ലഭ്യമല്ല | 2485 | ശ്രീ.സി.എം.ഗോപാലൻ | 120010102271, 06.07.2020 |
| ലഭ്യമല്ല | ലഭ്യമല്ല | 23446 | ഹെഡ് മാസ്റ്റർ ജി.എം.യു.പി.എസ് കളരാന്തിരി | 120010104771, 08.10.2020 |
| ലഭ്യമല്ല | ലഭ്യമല്ല | 1370 | ശ്രീമതി.വിമല | 120010105225, 23.10.2020 |

| | | | | |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 1096 | ശ്രീമതി.റീന | 120010105226, 23.10.2020 |
| ലഭ്യമല്ല | ലഭ്യമല്ല | 3820 | ശ്രീ.ശൈലേഷ് | 120010107078, 04.12.2020 |
| 2006-07 | 2,4 | 120 | ശ്രീ. അബ്ദുൽ ഖാദർ.ടി | 120010108324, 14.04.2021 |
| ലഭ്യമല്ല | ലഭ്യമല്ല | 4498 | ശ്രീ.പി.കെ.കണ്ടൻ | 120010112140, 12.03.2021 |
| ലഭ്യമല്ല | ലഭ്യമല്ല | 7985 | ശ്രീ.മുഹമ്മദ് ബഷീർ | 120100100648, 17.03.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19(b,c) | 2003-(പൊതു പരാമർശം) | 11.13.7.25 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 52 | 2003-04 | 11(1) | തൊഴിൽ രഹിത വേതനം | റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കി റിപ്പോർട്ട് |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകാൻ എൽ.എസ്. ജി.ഡിയോട് ശുപാർശ ചെയ്യു |
| 2000-01 | 45 | 2003-04 (പൊതു പരാമർശം) | 11.13.6.4 | കാർഷിക യന്ത്രവൽക്കരണം | |
| 2000-01 | | 2003-04 | 11.14 | 1)കൊടേക്കുന്ന് അങ്കണവാടി കെട്ടിടം 2)വെറ്റിറനറി ആശുപത്രി റിപ്പയർ 3) പാലക്കുറ്റി മരുതമ്മൽ റോഡ് | |
| 2001-02 | | 2003-04 | 11.14 | വീട്ടിൽ ഒരു പശു പദ്ധതി | |
| 2001-02 | | 2004-05 | 11.1.1.4 | ക്യാഷ് ബുക്കും രജിസ്റ്ററുകളും എഴുതിയില്ല | |
| 2001-02 | | 2004-05 | 11.1.3.28 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.1.4.8 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജല വിതരണ പ്രവൃത്തി പൂർത്തിയായില്ല | |
| 2007-08 | | 2011-12 | 4.15 | വികസന ഫണ്ട് | |

| | | | | | |
|---|---|---|---|---|---|
| | | | | ബാങ്കിൽ നിക്ഷേപിച്ചു | |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | |
| | | 2013-14 | 6.3.2 | പ്രൊക്യൂർമെന്റ് സൈക്കിൾ | |
| | | 2015-16 | 4.1.5 | നികുതി/ നികുതിയേതരം പൊരുത്ത പ്പെടാത്ത കണക്കുകൾ | |
| | | 2015-16 | 4.1.6 | വാർഷിക ധനകാര്യ പത്രിക വിവരങ്ങളുടെ കൃത്യത | |
| 2014-15 | 2-3,2-6 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.8 | വസ്തു നികുതി – സഞ്ചയയിൽ പ്ലിന്ത് ഏരിയയിലി കുറവ് വരുത്തുന്നു | |
| 2016-17 | 2-3 | 2017-18 | 1.11.9 | പഴയ നിരക്കിൽ വസ്തു നികുതി ഈടാക്കി | |
| 2016-17 | 2-4 | 2017-18 | 1.11.10 | വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി കണക്കാക്കി | |

| | | | | | |
|---|---|---|---|---|---|
| 2016-17 | 2-5 | 2017-18 | 1.11.11 | നികുതിയിളവ് നൽകി | |
| 2016-17 | 2-6 | 2017-18 | 1.11.12 | മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഡിമാന്റ് ചെയ്തില്ല | |
| 2016-17 | 2-7 | 2017-18 | 1.11.13 | ഇൻഡസ്ട്രിയൽ ഷെഡിന് പാർപ്പിടത്തിന്റെ നിരക്ക് അനുവദിച്ചു | |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 15,27,67,910 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 16,66,01,543 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,00,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 64,51,238 |

(ബി) മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 1,00,000 | ശ്രീ. പ്രവീൺ. എ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 3,00,192 | ശ്രീ. ശൈലേഷ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-25 | 46,23,800 | ശ്രീ. ശൈലേഷ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-27 | 4,13,330 | ശ്രീ. സജികുമാർ. ടി, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-28 | 1,84,974 | രസ്‌ന.പി മുനിസിപ്പൽ എഞ്ചിനീയർ |

| | | |
|---|---|---|
| 1-30 | 9,10,000 | ശ്രീ. അബ്ദുൽ ഗഫൂർ,<br>അസി. എഞ്ചിനീയർ |
| 1-33 | 18,942 | ഡോ. റിൻസി ആന്റണി,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രവീൺ. എ,<br>സെക്രട്ടറി | സെക്രട്ടറി,<br>കൊടുവള്ളി<br>നഗരസഭ | ഗുരുക്കളവിട വീട്,<br>ജില്ലാ കോടതിക്ക് സമീപം,<br>തലശ്ശേരി-670101 |
| ശ്രീ. ശൈലേഷ്,<br>സെക്രട്ടറി-ഇൻ-<br>ചാർജ്ജ് | സൂപ്രണ്ട്,<br>കാഞ്ഞങ്ങാട്<br>നഗരസഭ | ശ്രീശൈലനിലയം,<br>കാളിയങ്ങാട്,<br>ആർ. ഡി. നഗർ,<br>മധൂർ പി. ഒ,<br>കാസർഗോഡ്-67124 |
| ശ്രീ.സജികുമാർ.ടി,<br>ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത്<br>ഇൻസ്പെക്ടർ, | മാവുവിള വീട്,<br>പെരിങ്ങമ്മല, |

| | | |
|---|---|---|
| | കൊടുവള്ളി നഗരസഭ | കല്ലിയൂർ പി. ഒ, പിൻ-695042 |
| ശ്രീ. അബ്ദുൽ ഗഫൂർ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, പേരാമ്പ്ര ബ്ലോക്ക് | മേലടിക്കൽ വീട്, കുറ്റിക്കാട്ടൂർ പി. ഒ, കോഴിക്കോട്-673008 |
| ഡോ.റിൻസി ആന്റണി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കൊടുവള്ളി | 32/325 എ, രോഹിഷ്, മൂഴിക്കൽ, ചെലവൂർ പി. ഒ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി9/1274(2) Dt.27.09.2011 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(3) Dt.27.09.2011 | 2 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(4) Dt.27.09.2011 | 5 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(5) Dt.27.09.2011 | 4 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(6) Dt.27.09.2011 | 7 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(7) Dt.27.09.2011 | 4 |
| 2001-02(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(8) Dt.14.07.2010 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(9) Dt.27.09.2011 | 09 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി4/262/10 Dt.20.05.2010 | 07 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/728/07 തി.05.10.07- | 15 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി4/358/10- dt.30.04.10 | 16 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.എസ്1/178/09-1 Dt.21.04.09 | 36 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.എസ്1/1446/09 Dt.08.04.10 | 49 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി9/785 /13തി.28.04.12 | 39 |
| 2009-10<br>2010-11 | എൽ.എഫ്.കെ.കെ.ഡി.പി9/726 /12തി.07.05.13 | 29 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി9/1075 /13(1)തി.02.08.14 | 17 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി9/785 /12തി.28.04.12 | 23 |
| 2013-14 | എൽ.എഫ്.കെ.കെ.ഡി.പി9/633 /15(1)തി.28.04.12 | 40 |
| 2014-15 | എൽ.എഫ്.കെ.കെ.ഡി.പി9/662 /15തി.08.07.15 | 28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി14/165/ 2016, തീ.31.01.2017 | 20 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14/ 1734/2017 | 24 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14/ 2285/2018/13.12.2018 | 24 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14 /273/2020 /29.07.2020 | 34 |

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്